ശ്രീ. പാലോട് രവി : സർ, തൊഴിൽമേഖലയിൽ സമ്പൂർണ്ണമായ നവീകരണം ആവശ്യമായ ഒരവസരത്തിലാണ് ഈ ധനാഭ്യർത്ഥനയിന്മേലുള്ള ചർച്ച നടക്കുന്നത്. കേരളത്തിലെ അറിയപ്പെടുന്ന തൊഴിലാളി നേതാവ് കൂടിയായ ബഹുമാന്യനായ പി. കെ. ഗുരുദാസൻ അഞ്ച് വർഷക്കാലം ഈ വകുപ്പ് കൈകാര്യം ചെയ്യുകയും നിരവധി ധനാഭ്യർത്ഥനകൾ അവതരിപ്പിക്കുകയും പാസ്സാക്കുകയും ചെയ്ത ഒരു വേദിയാണ് നമ്മുടെ നിയമസഭ. കേരളത്തിലെ തൊഴിൽ മണ്ഡലം അടിമുടി മാറിയിരിക്കുകയാണ്. അതറിയാതെ ഒരു ധനാഭ്യർത്ഥനയെ അനുകൂലിക്കുകയും എതിർക്കുകയും ചെയ്യുന്ന നമ്മുടെ പരമ്പരാഗതമായ രീതിയിൽ നിന്നും മാറ്റംവരുത്തി ഇവിടെയുള്ള പ്രതിസന്ധി എന്താണ്, ഈ മേഖലയിലുള്ള പ്രശ്നങ്ങൾ എന്താണെന്ന് അപ്പുറത്തിരിക്കുന്നവരും ഇപ്പുറത്തിരിക്കുന്നവരും ചിന്തിക്കണം. സംഘടിത മേഖലയിലും അസംഘടിത മേഖലയിലും പൊതുമേഖലയിലുമുള്ള കേരളത്തിലെ തൊഴിലാളികളെ സംരക്ഷിക്കുവാൻ സമയം കടന്നുപോയിരിക്കുന്നുവെന്നാണ് എനിക്ക് ആമുഖമായി ചൂണ്ടിക്കാണിക്കാനുള്ളത്. ആഗോളവത്ക്കരണത്തിന്റെ ഭാഗമായി പുതിയ അവസരങ്ങളും അതോടൊപ്പം പുതിയ വെല്ലുവിളികളും നേരിടാൻ തൊഴിൽ വകുപ്പ് സജ്ജമാണോയെന്ന് അപ്പുറത്തും ഇപ്പുറത്തുമിരിക്കുന്നവർ ഗൗരവകരമായി ആലോചിക്കണം. തൊഴിൽ വകുപ്പിനെ സജ്ജീകരിക്കാൻ നിരവധി നടപടികൾ ബഹുമാന്യനായ ഷിബു ബേബി ജോണിന്റെ നേതൃത്വത്തിൽ ആരംഭിച്ചിരിക്കുന്നുവെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. കേരളത്തിൽ കഴിഞ്ഞ കുറേ നാളുകളായി വിവാദമായി മാറിയ നോക്കുകൂലി അവസാനിപ്പിക്കുവാനെടുത്ത ധീരമായ നടപടി അഭിനന്ദനാർഹമാണ്. ലണ്ടനിലെ ഗാർഡിയൻ പത്രത്തിൽപ്പോലും അതേക്കുറിച്ച് വളരെ വിശദ

മായ റിപ്പോർട്ടുണ്ട്. ചെയ്യാത്ത ജോലിക്ക് പണം വാങ്ങുന്ന നോക്കുകൂലി കേരളത്തിൽ അവസാനിപ്പിക്കാൻ അങ്ങ്, കേരള ഗവൺമെന്റെടുത്തത് ധീരമായ നടപടിയാണ്. മാത്രമല്ല രണ്ട് ജില്ലകളിലാണ് നോക്കുകൂലി നിറുത്തലാക്കിക്കൊണ്ടുള്ള നടപടി അങ്ങ് പ്രാരംഭമായി പ്രഖ്യാപിച്ചതെങ്കിലും ഇപ്പോൾ എല്ലാ ജില്ലകളിലും ഇത് നടപ്പിലാക്കുവാൻ സംസ്ഥാന ഗവൺമെന്റ് ഈ സാമ്പത്തിക വർഷം തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. നിക്ഷേപ സൗഹൃദ സമീപനത്തിലൂടെ കേരളത്തിന്റെ തൊഴിൽ അന്തരീക്ഷം മെച്ചപ്പെടുത്താൻ കഴിഞ്ഞില്ലെങ്കിൽ വികസനമെന്ന് പറഞ്ഞ് നമ്മൾ മുമ്പോട്ട് പോയിട്ട് കാര്യമില്ല. നമുക്ക് തൊഴിൽദിനങ്ങൾ നഷ്ടപ്പെടാൻ പാടില്ല. തൊഴിൽദിനങ്ങൾ നഷ്ടപ്പെടുന്നത് നമ്മൾ കുറച്ചുകൊണ്ടുവരികയാണ്. അപ്പോൾ തൊഴിൽദിനങ്ങൾ നഷ്ടപ്പെടാതെ നിക്ഷേപ സൗഹൃദാന്തരീക്ഷം നമ്മുടെ സംസ്ഥാനത്തുണ്ടാക്കി ഒരു പ്രൊഡക്ഷൻ ഓറിയന്റഡ് സ്റ്റേറ്റാക്കി നമ്മുടെ സംസ്ഥാനത്തെ മാറ്റാൻ ഏറ്റവും കൂടുതൽ ശ്രദ്ധിക്കേണ്ട മേഖലയാണ് കേരളത്തിലെ തൊഴിൽമേഖല. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കടന്നുവരുന്ന കുടിയേറ്റ തൊഴിലാളികളുടെ പ്രശ്നങ്ങളാണ് ഏറ്റവും പ്രധാന വെല്ലുവിളിയായി ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നത്. അവരുടെ കൃത്യമായ എണ്ണം പോലും ലഭ്യമല്ല. ഏതാണ്ട് 15 ലക്ഷത്തോളം വരുന്നുണ്ടെന്ന് പറയുന്നു. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി ഈ പ്രശ്നം ഉന്നയിച്ചപ്പോൾ 10 ലക്ഷത്തോളം വരുമെന്ന് പറയുന്നു. ഏതാണ്ട് അത്രയും തൊഴിലാളികൾ നമ്മുടെ ഈ മലയാളക്കരയിൽ നിന്ന് മറ്റ് രാജ്യങ്ങളിൽ പണിയെടുക്കാൻ പോകുന്നവരായിട്ടുണ്ട്. ഈ കുടിയേറ്റ തൊഴിലാളികളെ വൻകിട കമ്പനികളും ഇടനിലക്കാരും ചൂഷണം ചെയ്യുന്നതിന്റെ വാർത്ത

കളും പരാതികളും ഓരോ ദിവസവും വന്നുകൊണ്ടിരിക്കുകയാണ്. വലിയ വണ്ടികളിലൊക്കെ കയറ്റി അവർക്ക് ചപ്പാത്തിയൊക്കെ കൊടുത്ത് കൊണ്ടു വരികയാണ്. അവരെ സംബന്ധിച്ചിടത്തോളം അനാരോഗ്യകരമായ രീതിയിലുള്ള അവരുടെ താമസം, ഭക്ഷണം, കുടിവെള്ളം, ശമ്പളം, അവർക്ക് വരുന്ന പകർച്ചവ്യാധികൾ, ചികിത്സയുടെ അഭാവം, കുടുംബത്തോടെ വരുന്നവർക്ക് വിദ്യാഭ്യാസമുണ്ടോ, അവിടെ ബാലവേല നടക്കുന്നുണ്ടോ എന്നിങ്ങനെ ഒട്ടേറെ പ്രശ്നങ്ങളുണ്ട്. ഏതാണ്ട് കേരള സംസ്ഥാന വ്യാപകമായി വൻകിട കമ്പനിക്കാരും വൻകിട മുതലാളിമാരും ഈ സംസ്ഥാനത്തുടനീളം അവരെ ഉപയോഗിക്കുന്നുണ്ട്. ഇന്റർസ്റ്റേറ്റ് മൈഗ്രന്റ് വർക്കേഴ്സ് ആക്ട് അനുസരിച്ച് ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനെയാണ് ഇതിനെ സംബന്ധിച്ച് ലെജിസ്ലേഷനൊക്കെ നടത്താൻ വേണ്ടി ചുമതലപ്പെടുത്തിയിരിക്കുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കേരളത്തിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന മൈഗ്രന്റ് തൊഴിലാളികളുടെ എണ്ണം 741 ആണ്. ഇപ്പോൾ അത് കുറച്ച് ആശാവഹമായിട്ടുണ്ട്. ഈ പത്തുലക്ഷത്തിൽ ഇപ്പോൾ നാൽപ്പതിനായിരത്തോളം രജിസ്ട്രേഷൻ നടന്നിട്ടുണ്ട്. ത്രിതല പഞ്ചായത്തുകളുടെ സമീപനം സ്വീകരിക്കണം. അവരുടെ സഹായം ആവശ്യപ്പെടണം. ഏതെല്ലാം പഞ്ചായത്തുകളിൽ മൈഗ്രന്റ് ലേബറേഴ്സ് താമസിക്കുന്നുവെന്നതിനെ സംബന്ധിച്ച് തൊഴിൽ വകുപ്പിന് നിർദ്ദേശം നൽകി ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടുകൂടി ഈ സാമ്പത്തിക വർഷംതന്നെ രജിസ്ട്രേഷൻ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. മറ്റൊരു പ്രധാന തൊഴിൽ രംഗം ഐ.ടി. മേഖലയാണ്. ടെക്നോപാർക്ക്, ടെക്നോസിറ്റി

ഇതൊക്കെ വളർന്നുവരുന്ന ഒരു മേഖലയാണ്. അതിനെ തളർത്താൻ ഒന്നും ചെയ്യണമെന്ന് ഞങ്ങൾ ആരും ആവശ്യപ്പെടുന്നില്ല. പക്ഷേ അവിടെ ഒട്ടേറെ പ്രശ്നങ്ങളുണ്ട്. ഇന്നത്തെ ആഗോളവൽക്കരണത്തിന്റെ പശ്ചാത്തലത്തിൽ ഐ.ടി. മേഖലയിൽ ലക്ഷക്കണക്കിന് കുടുംബാംഗങ്ങൾ ജോലി ചെയ്യുക യാണ്. എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്നും പാസായി ഇറങ്ങുന്നവർ പോയി ജോലി ചെയ്യുകയാണ്. അവരെ സംബന്ധിച്ചിടത്തോളം ജോലി സമ യത്തെ സംബന്ധിച്ചും സേവനവേതന വ്യവസ്ഥകളെ സംബന്ധിച്ചും ഒരു പ്രത്യേകമായ സംവിധാനം ഈ മാറിവരുന്ന സാഹചര്യത്തിൽ ലേബർ ഡിപ്പാർട്ടുമെന്റുണ്ടാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ലേബർ ഡിപ്പാർട്ടുമെന്റിനെ ശക്തിപ്പെടുത്തണമെന്ന് എത്രയോ കാലങ്ങളായി ഞങ്ങൾ ആവശ്യപ്പെടുന്നുണ്ട്. ഞാൻ ഒരു ട്രേഡ് യൂണിയൻ പ്രവർത്തകനാ ണ്..ഇതുവരെയും മാറ്റം വരാത്ത ഒരു ഡിപ്പാർട്ടുമെന്റ് ലേബർ ഡിപ്പാർട്ടു മെന്റാണ്. എല്ലാ മേഖലകളിലും മാറ്റമുണ്ടായി. എല്ലാ മേഖലകളിലും വളർച്ച യുണ്ടായി. ഇതുവരെയും വികസനത്തിന്റേയോ ഉദ്യോഗസ്ഥന്മാരുടെ എണ്ണ ത്തിന്റേയോ വികേന്ദ്രീകരണത്തിന്റേയോ കാര്യത്തിൽ ഒരു മാറ്റവും വരാത്ത ഡിപ്പാർട്ടുമെന്റായി ലേബർ ഡിപ്പാർട്ടുമെന്റ് നിലനിൽക്കുകയാണ്. കൺസീലിയേഷനും എൻഫോഴ്സ്മെന്റും ശക്തിപ്പെടുത്തണം. സെക്യൂരിറ്റി ഓഫ് എംപ്ലോയ്മെന്റ് നിസ്സാര കാര്യമാണോ? അതുപോലെതന്നെ തൊഴിലാ ളികളുടെ ആനുകൂല്യങ്ങൾ നിലനിർത്തേണ്ടത് ആവശ്യമല്ലേ? ഈ രണ്ട് കാര ്യങ്ങൾക്കും ഈ ഡിപ്പാർട്ടുമെന്റിനെ ശക്തിപ്പെടുത്താനുള്ള നടപടിയു ണ്ടാകണം. അതിന് മുഖ്യമന്ത്രിയും ധനകാര്യവകുപ്പുമന്ത്രിയും ലേബർ വകു പ്പിനെ സഹായിക്കണമെന്ന് ഞാൻ ഈ സഭയിൽ ആവശ്യപ്പെടുകയാണ്. കേരളത്തിന്റെ തൊഴിൽ വ്യവസായ മേഖലകളിൽ ഒട്ടേറെ അടിസ്ഥാനപര

മായ മാറ്റങ്ങൾ ഉണ്ടായെങ്കിലും ഒരു വികസനവുമില്ലാത്ത വകുപ്പായി തൊഴിൽ വകുപ്പ് മാറാൻ പാടില്ല. കേരളത്തിലെ തൊഴിൽ മേഖലയെയും വളർച്ചാനിരക്കിനെയും ഉൽപ്പാദന മേഖലയെയും ഗൗരവമായി ബാധിക്കുമെന്നുളളതുകൊണ്ട് ലേബർ ഡിപ്പാർട്ടുമെന്റ് പുനഃസംഘടിപ്പിക്കണം. ഇത് സംബന്ധിച്ച ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര വകുപ്പിന്റെ റിപ്പോർട്ട് ഉടൻ നടപ്പാക്കണമെന്നാണ് എനിക്ക് വിനീതമായി തൊഴിൽ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുവാനുളളത്. എനിക്ക് പറയാനുളള മറ്റൊരു പ്രധാനപ്പെട്ടകാര്യം സംസ്ഥാന സർക്കാരിന്റെ തൊഴിൽ നയത്തെക്കുറിച്ചാണ്. സംസ്ഥാന സർക്കാർ ഒരു കരട് തൊഴിൽ നയം പ്രഖ്യാപിച്ചിട്ടുണ്ട്. അത് സമഗ്രമായി ചർച്ച ചെയ്ത് ആവശ്യമായ പരിഷ്ക്കരണങ്ങളോടെ ഉടൻ നടപ്പിലാക്കണം. ലേബർ ബാങ്ക്, ക്ഷേമനിധി ബോർഡിന്റെ ഏകോപനം തുടങ്ങിയവ കരടിൽ പറയുന്നുണ്ട്. എന്താണ് ക്ഷേമനിധി ബോർഡ്? ഈ ക്ഷേമനിധി ബോർഡിൽ കിടക്കുന്ന നിക്ഷേപമെടുത്ത് വിവിധ ബാങ്കുകളിൽ നിക്ഷേപിക്കുന്നതിന്റെ പേരിൽ അഴിമതിയുണ്ടെന്ന് പറയുന്നുണ്ട്. പുതിയ കമ്മിറ്റികളും ചെയർമാന്മാരും ബോർഡുകളും നിലവിൽവരുന്നു. പാവപ്പെട്ട തൊഴിലാളികളിൽ നിന്നും പിരിച്ചെടുത്ത പണം, ക്ഷേമനിധിയിൽ കിടക്കുന്ന പണം മുഴുവനെടുത്ത് അവർക്ക് ഇഷ്ടമുളള ബാങ്കുകളിൽ നിക്ഷേപിക്കുന്നു. ഇത് ചോദിക്കാനും പറയാനും ആരുമില്ല. അതിന്റെ ഏകോപനം, കുടിയേറ്റ തൊഴിലാളി നിയമം, അസംഘടിത മേഖലയിലെ വേതനസുരക്ഷാ പദ്ധതി, കമ്പ്യൂട്ടറൈസേഷൻ തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ച് ഈ കരട് നയത്തിൽ പറഞ്ഞ കാര്യങ്ങൾ വ്യവസായ മേഖലയും തൊഴിൽ മേഖലയുമായി ചർച്ച ചെയ്ത് ഒരു സമഗ്രമായ തൊഴിൽ നയം കേരളത്തിലുണ്ടാക്കിയെടുക്കുന്നതിന് അങ്ങ് നേതൃത്വം നൽകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാ

നുളളത്. മറ്റൊന്ന് പ്ലാന്റേഷൻ മേഖലയാണ്. ഞാൻ ഈ സഭയ്ക്ക് പല പ്പോഴും നേതൃത്വം നൽകിയ ആരാധ്യനായ, ധീരനായ ലീഡർ കെ. കരുണാ കരനെ ഓർത്തുപോകുകയാണ്. കേരളത്തിലെ മഞ്ഞുപെയ്യുന്ന മാമലക ളുടെ മുകളിലേയ്ക്ക്, തോട്ടം മേഖലകളിലേയ്ക്ക് കടന്നുചെന്ന് ലക്ഷോപ ലക്ഷം തോട്ടം തൊഴിലാളികളെ നാൽപ്പതുകളിലും അമ്പതുകളിലും സംഘ ടിപ്പിക്കുന്നതിന് നേതൃത്വം നൽകിയ ഒരു കമ്പളി പുതപ്പുപോലുമില്ലാതെ, വെതർ പ്രൊട്ടക്ടീവില്ലാതെ ഈ മലയോരങ്ങളിൽ പണിയെടുത്ത, തമിഴ്മേ ഖലകളിൽ നിന്നൊക്കെ തേയിലച്ചെടികൾ നുളളുന്നതിനുവേണ്ടി തേയില ക്കാടുകളിൽ പണിയെടുക്കുന്നതിനുവേണ്ടി വന്ന തൊഴിലാളികളെ സംഘടി പ്പിച്ച ആളാണ് ലീഡർ കെ. കരുണാകരൻ. അദ്ദേഹം ദീർഘകാലം പ്ലാന്റേ ഷൻ ലേബർ കമ്മിറ്റിയിൽ അംഗമായി പ്രവർത്തിച്ചയാളാണ്. ഇപ്പോൾ പ്ലാന്റേഷൻ മേഖലയിലെ തൊഴിലാളികളുടെ അവസ്ഥയെന്താണ്? അച്ഛനുമ മ്മയും മകളെ കെട്ടിച്ചയയ്ക്കുന്നു. മകളെ കെട്ടിച്ചയച്ചാൽ മകൾ പ്രസവിക്കു ന്നതും അച്ഛനുമമ്മയുമെല്ലാം ഒരു മുറിയുള്ള ലയത്തിലാണ്. എന്തെല്ലാം ഭവ നനിർമ്മാണ പദ്ധതികൾ ഈ സംസ്ഥാനത്ത് പ്രഖ്യാപിച്ചു. ഏതെല്ലാം രംഗത്ത് നമ്മൾ മാറ്റമുണ്ടാക്കി. കേരളത്തിലെ പ്ലാന്റേഷൻ മേഖലയിൽ, മഞ്ഞുപെയ്യുന്ന മാമലകളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് പ്രത്യേ കമായി ഒരു ഭവനനിർമ്മാണ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കണം. പരമ്പ രാഗത വ്യവസായ മേഖലയെ സംരക്ഷിക്കുന്നതിന് ജീവിക്കാൻ ആവശ്യ മായ ശമ്പളം, ആശ്വാസ വേതന പദ്ധതി കയർ മേഖലയിൽ നടപ്പിലാക്കി. ശ്രീ. പി.കെ.ഗുരുദാസൻ അക്കാര്യത്തിൽ മുൻകൈയെടുത്തു എന്ന് എനിക്ക റിയാം. ആശ്വാസ വേതന പദ്ധതി തൊഴിൽ വകുപ്പുമന്ത്രി ശ്രീ. ഷിബു ബേബിജോൺ നന്നായി കൈകാര്യം ചെയ്യുന്നുണ്ട്. അത് കയർ മേഖലയിൽ

മാത്രം പോരാ. കശുവണ്ടി, കൈത്തറി, ഈറ്റത്തൊഴിൽ മേഖലകളിലും ഈ ആശ്വാസ പദ്ധതി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കണം. സംസ്ഥാനത്തെ പൊതുമേഖല ശക്തിപ്പെടുത്തണം. പൊതുമേഖല ശക്തിപ്പെടണമെങ്കിൽ ഒരു ഏകീകൃത ശമ്പളഘടന എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലും അടിയന്തിരമായി നടപ്പിലാക്കണം. കോൺട്രാക്ട് തൊഴിലാളികളുടെ എണ്ണം പെരുകുകയാണ്. ഏതു വ്യവസായം വന്നാലും, ഏത് സ്ഥാപനം വന്നാലും കോൺട്രാക്ട് ലേബർമാർ,. അവരുടെ എണ്ണം നിയന്ത്രിക്കണം. ചില സ്ഥാപനങ്ങളിൽ കോൺട്രാക്ട് ലേബർമാർ ആവശ്യമാണ്. പക്ഷേ അവർക്ക് മറ്റാനുകൂല്യങ്ങളൊന്നും കൊടുത്തില്ലെങ്കിലും സ്ഥിരം തൊഴിലാളികൾക്കുള്ള ശമ്പളമെങ്കിലും കൊടുക്കേണ്ടതല്ലേ? അവർക്ക് സ്ഥിരം തൊഴിലാളികൾക്കുള്ള ശമ്പളം കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ക്ഷേമനിധികളുടെ പ്രവർത്തനം മോണിറ്റർ ചെയ്യേണ്ടതുണ്ട്.. ശ്രീനിവാസൻ കമ്മിറ്റിയുടെ റിപ്പോർട്ട് അങ്ങയുടെ മുമ്പിലുണ്ട്. ക്ഷേമനിധികളുടെ പ്രവർത്തനം മോണിറ്റർ ചെയ്യുന്നതിന് അങ്ങ് അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. നോർക്കയുടെയും ഒഡെപെക്കിന്റെയും പ്രവർത്തനങ്ങൾ, മറ്റു സംസ്ഥാനങ്ങളിൽ പോയി കോൺസുലേറ്റുമായി ചർച്ച ചെയ്യണം. ഇവിടെ ഒരുപാട് റിക്രൂട്ട്മെന്റ് തട്ടിപ്പുകൾ നടക്കുകയാണ്. ഇവിടെ വ്യാജ റിക്രൂട്ട്മെന്റ് ഏജൻസികൾ പ്രവർത്തിക്കുകയാണ്. ആയിരക്കണക്കിന് തൊഴിൽരഹിതരെ കബളിപ്പിക്കുകയാണ്. കുടുംബം മുഴുവൻ എഴുതി വിറ്റ് ജോലിയില്ലാതെ ബോംബെയിലോ മറ്റു സ്ഥലങ്ങളിലോ കൊണ്ടുപോയി കഷ്ടപ്പെടുത്തുകയാണ്. ഒഡെപെക്കിന്റെ പ്രവർത്തനങ്ങൾ ഏതാണ്ട് ലാഭകരമായി മുമ്പോട്ടുപോകാൻ കഴിയുന്ന തരത്തിൽ അങ്ങയുടെ കാലഘ

ട്ടത്തിൽ മുന്നോട്ട് പോകുകയാണ്. അതിന് നേതൃത്വം കൊടുക്കുന്ന അങ്ങയെ ഞാൻ അഭിനന്ദിക്കുകയാണ്.

മി. ചെയർമാൻ: അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. പാലോട് രവി: സർ, ഞാൻ ഈ വകുപ്പിനെക്കുറിച്ച് മാത്രമേ പറയുന്നുള്ളൂ. ഒഡെപെക്കിന്റെ പ്രവർത്തനവും നോർക്കയുടെ പ്രവർത്തനവും മറ്റ് സംസ്ഥാനങ്ങളിൽ എങ്ങനെയാണെന്നുള്ളത് അങ്ങും മുഖ്യമന്ത്രിയും കൗൺസുലേറ്റുമായി ചർച്ച ചെയ്യണം. ഓരോ മേഖലയിലും ആവശ്യമായ റിക്രൂട്ട്മെന്റ് സമയബന്ധിതമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കണം. ഇത് പലരുമാണ് തട്ടികൊണ്ടുപോകുന്നത്. ക്ഷേമപ്രവർത്തനങ്ങൾക്ക് നോർക്കയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തണം. സഹകരണ രംഗത്തെക്കുറിച്ച് ഒന്നുരണ്ടു കാര്യങ്ങൾകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കുകയാണ്. ആശ്വാസ പദ്ധതി അങ്ങ് തുടങ്ങിവച്ചു. അത്. വളരെ സ്വാഗതാർഹമായ കാര്യമാണ് ഓരോ ബാങ്കുകളിലും സംഘങ്ങളിലും അടയ്ക്കേണ്ട ലോണിനെ സംബന്ധിച്ചിടത്തോളം അത് തിരിച്ചടയ്ക്കുന്നത് എത്രയാണെന്നുള്ളതനുസരിച്ചാണ് നബാർഡിന്റെയും മറ്റ് മേഖലകളിൽ നിന്നുമുള്ള സഹായം ലഭിക്കുന്നത്. ലോണെടുത്ത് അടയ്ക്കാൻ നിവൃത്തിയില്ലാത്തവരെ സഹായിക്കുന്നതിന്, ഒരു പക്ഷേ 75 കോടി രൂപയായിരിക്കും സഹായിക്കാൻ കഴിഞ്ഞത് അല്ലെങ്കിൽ 1500 കോടി രൂപ ആയിരിക്കും തിരിച്ചടപ്പിക്കാൻ കഴിഞ്ഞത്. പക്ഷേ ആ തുടക്കം നല്ലതാണ്. ആ ആശ്വാസ പദ്ധതി കുറച്ചുകൂടി വ്യാപകമാക്കണമെന്നാണ് എനിക്ക് അങ്ങയോട് പറയാനുള്ളത്. അതുപോലെത്തന്നെ സഹകരണ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം നന്നായി പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങളെ തകർക്കാൻ ശ്രമിക്കുന്ന ചില ശക്തികൾ ഇവിടെയുണ്ട്. ചില മേഖലകളിലൊക്കെ അതിശക്ത

മായ നടപടികളാവശ്യമാണ്. നന്നായി പ്രവർത്തിക്കുന്ന സംഘങ്ങൾ ആരു നടത്തിയാലും രാഷ്ട്രീയം നോക്കാതെ അനുകൂലിക്കുമെന്ന് അങ്ങ് ഈ സഭയിൽ പറഞ്ഞതാണ്. സഹകരണ മേഖലയിൽ നമുക്കൊരു സംസ്ക്കാരമുണ്ട്. അഴിമതിരഹിതമായ ഒരു സംസ്ക്കാരമാണ് സഹകരണ മേഖലയിലുള്ളത്. സഹകരണ മേഖലയിലുള്ള ആ സംസ്ക്കാരികമായ പാരമ്പര്യം നിലനിർത്തികൊണ്ട് നല്ല സംഘങ്ങളെ നിലനിർത്താനും അവയ്ക്ക് ദോഷം വരുന്ന ഒരു പ്രവർത്തനവും ആ സംഘത്തിന് ഉണ്ടാകാത്ത തരത്തിൽ സംരക്ഷിച്ചെടുക്കുവാനും അങ്ങേയ്ക്ക് കഴിയും. അങ്ങ് നല്ല സഹകാരിയാണ്. അങ്ങ് ഈ മേഖലയിൽ എത്രയോ വർഷക്കാലത്തെ പാരമ്പര്യമുള്ളയാളാണ്. അതിന് അങ്ങ് നേതൃത്വം കൊടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. വിലക്കയറ്റമെന്നത് ആർക്കും നിയന്ത്രിക്കാൻ കഴിയാത്ത ഒരു മേഖലയായിരുന്നു, എങ്ങനെ വിലക്കയറ്റമുണ്ടാകുന്നു, നമ്മൾ അന്തം വിട്ട് നിൽക്കുകയായിരുന്നു. അപ്പുറത്തിരിക്കുന്നവർ സമ്മതിക്കുമോ എന്ന് എനിക്കറിയില്ല. എല്ലാപേരും അങ്ങയെ അഭിനന്ദിക്കുകയാണ്. ഓണക്കാലത്തും ക്രിസ്മസ്കാലത്തും ബക്രീഡുകാലത്തുംമാത്രം കണ്ടിട്ടുള്ള വ്യാപകമായ ഇന്റർവെൻഷൻ കൺസ്യൂമർ ഫെഡറേഷനിലൂടെ  സംസ്ഥാനത്തുടനീളം കൊണ്ടുവരാൻ കഴിഞ്ഞിരിക്കുന്നു. അതുകൊണ്ട് സംസ്ഥാനത്ത് വിലക്കയറ്റം ഒരു പരിധി വരെ പിടിച്ചുനിർത്താൻ കഴിഞ്ഞു എന്നു മാത്രമല്ല  ഗുണനിലവാരമുള്ള സാധനങ്ങൾ സംസ്ഥാന വ്യാപകമായി ഒരു ശൃംഖലപോലെ വ്യാപിപ്പിക്കുവാൻ അങ്ങ് ശ്രമിച്ചു എന്നുള്ളതിന് അങ്ങയെ അഭിനന്ദിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ  ഞാൻ പിന്താങ്ങുന്നു.

ശ്രീ. എം. ഉമ്മർ:  സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. സംസ്ഥാനത്ത് അടുത്ത കാലത്തുണ്ടായ നഴ്സുമാരുടെ സമരത്തിൽ

ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി ഇടപെട്ട് സ്വീകരിച്ച സമീപനം വളരെ ശ്രദ്ധേയമായിരുന്നു. ഒന്നാം സ്വാതന്ത്ര്യസമരത്തിനുശേഷം ഇങ്ങനെ സ്പൊണ്ടേനിയസായി രാജ്യവ്യാപകമായൊരു സമരം വേറെയുണ്ടായിട്ടുണ്ടോ എന്ന് എനിക്ക് സംശയമുണ്ട്. കാരണം നിരവധി സ്ഥാപനങ്ങളിൽ വളരെ നിശ്ശബ്ദമായി ജോലി ചെയ്യുന്ന ലക്ഷക്കണക്കിന് സഹോദരിമാർ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും പ്രത്യേകമായ സംഘടനയില്ലാതെ, സാധാരണ സമരമുണ്ടാകുന്നതിന് മുമ്പ് സംഘടന രൂപീകരിക്കുകയാണ് ചെയ്യുന്നത്. ഇവിടെ സംഘടനയില്ലാതെ സമരം ചെയ്ത് ഒരു സംഘടനയ്ക്ക് രൂപമുണ്ടാക്കി. ആ സമരത്തോട് ഈ ഗവൺമെന്റും ബഹുമാനപ്പെട്ട തൊഴിൽവകുപ്പുമന്ത്രിയും എടുത്ത സമീപനം പ്രത്യേകമായി എടുത്തു പറയേണ്ടതുണ്ട്. ആ സമരത്തെ രാജ്യത്തെ വൻകിടക്കാരായ ഹോസ്പിറ്റലുകൾ, ഒരിക്കലും സമരമുണ്ടാവുകയില്ല എന്ന് പ്രതീക്ഷിച്ചിരുന്ന ആളുകൾ ഞെട്ടലോടുകൂടിയാണ് കണ്ടത്. രാജ്യത്തെതന്നെ സ്തംഭിപ്പിക്കുന്ന, വലിയ ഇംപാക്ട് ഉണ്ടാക്കുന്ന തരത്തിലുള്ള സമരങ്ങളുണ്ടായപ്പോൾ ഇടപെടുക മാത്രമല്ല ഒരു കമ്മീഷനെ നിയോഗിക്കുകയും വളരെ അനുഭാവപൂർണ്ണമായ കമ്മീഷന്റെ റിപ്പോർട്ടുമായി മുന്നോട്ടുപോകുകയും ചെയ്യുന്ന ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയേയും ഗവൺമെന്റിനേയും ഞാൻ അഭിനന്ദിക്കുകയാണ്. മറ്റൊരു കാര്യം എനിക്ക് പറയാനുള്ളത്, വർഷങ്ങളോളമായി തൊഴിലില്ലായ്മ വേതനം ഇവിടെ കൊടുക്കുന്നുണ്ട്. തൊഴിലില്ലായ്മ വേതനമെന്നുള്ളത് യഥാർത്ഥത്തിൽ ആ കാലത്തെ ഒരു വിഷയമായിരുന്നു. ചെറിയ സംഖ്യയാണെങ്കിലും തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് ഒരു ആശ്വാസമായിരുന്നു. ഇന്നത്തെ കാലഘട്ടത്തിൽ 120 രൂപ കൊടുക്കുന്നത് ഒരു തൊഴിലില്ലാത്ത ചെറുപ്പക്കാരനോടുള്ള അവഗണനയല്ലേ. യുവജനസംഘടന

കളുമായി ആലോചിച്ച് അതിനെ സംബന്ധിച്ച് ഒരു പുന:പരിശോധന നടത്തേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. 300 കോടി രൂപ സംസ്ഥാന ഖജനാവിൽ നിന്ന് ചോർന്നുപോകുകയാണ്. ആനവായിൽ അമ്പഴങ്ങ എന്നു പറഞ്ഞതുപോലെ ആർക്കാണ്, എവിടെയാണ് എത്തപ്പെടുന്നത്. ആർക്കുമൊരു പ്രയോജനമില്ലാതെ സംസ്ഥാന ഗവൺമെന്റിന് 300 കോടി രൂപ നഷ്ടപ്പെടുന്നു. ഒരു പുതിയ സംരംഭം ആരംഭിച്ച് നല്ല പരിശീലനം കൊടുത്ത് കുറച്ച് ചെറുപ്പക്കാരെയെങ്കിലും കൊണ്ടുവരാനുള്ള ശ്രമത്തിന് ആ തുക ഉപയോഗപ്പെടുത്താൻ കഴിയുമോ എന്നുള്ള ഗൗരവമായ ചിന്ത ഇതുമായി ബന്ധപ്പെട്ട യുവജനസംഘടനകളുമായി ആലോചിച്ച് ചെയ്യേണ്ട സമയം അതിക്രമിച്ചിരിക്കുന്നു എന്നു സൂചിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. കേരളത്തിലെ പണിയെടുക്കുന്ന തൊഴിലാളികളെ വളരെ പുച്ഛത്തോടുകൂടി നോക്കിക്കാണുന്ന ഒരു സംഭവമാണ് നോക്കുകൂലി പ്രശ്നം. ഒറ്റപ്പെട്ട ഒന്നോ രണ്ടോ പ്രദേശങ്ങളിലായിരിക്കും. പക്ഷേ തൊഴിലാളി സമൂഹം ഒന്നടങ്കം അതിന്റെ പഴി കേൾക്കേണ്ടിവരികയാണ്. അങ്ങനെയുള്ള നോക്കുകൂലി സമ്പ്രദായം ഇല്ലായ്മ ചെയ്യാൻ ഈ ഗവൺമെന്റിന് ചില ജില്ലകളിലെങ്കിലും കഴിഞ്ഞു എന്നുള്ളത് നല്ല തുടക്കമായി കാണുന്നു. തൊഴിലാളികളുടെ അഭിമാനബോധത്തിനും സംഘടിത ശക്തിക്കും സമൂഹത്തിന്റെ പിന്തുണയുണ്ടാക്കുന്ന ഒരു കാര്യമായി ഞാൻ അതിനെ കാണുന്നു. പണിയെടുക്കുന്ന തൊഴിലാളി പണിയെടുക്കാതെ പണം വാങ്ങുന്നു എന്ന ദുഷ്പേര് ഇല്ലാതാക്കിത്തീർക്കാനുള്ള ശ്രമത്തിന് തൊഴിലാളികളുടെ പിന്തുണ ലഭിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു ഒറ്റപ്പെട്ട ചില സംഭവങ്ങളുണ്ടാകുന്നുണ്ടെങ്കിലും അതിനെ ഒറ്റക്കെട്ടായി ട്രേഡ് യൂണിയനുകൾ എതിർത്ത് തോൽപ്പിക്കേണ്ട ഒരു സാഹചര്യമാണ് കേരളത്തിൽ ഇന്നുള്ളത്. അതുപോലെ ദിശാബോധ

മുള്ള ഈ ഗവൺമെന്റ് വേജ് പ്രൊട്ടക്ഷൻ ആക്ട് നടപ്പിലാക്കുമെന്ന് ബജറ്റ് പ്രസംഗത്തിൽ പറയുകയും അതിനുള്ള ചുവടുപിടിച്ചുകൊണ്ടുള്ള കാര്യങ്ങ ളുമായി മുന്നോട്ടുനീങ്ങിക്കൊണ്ടിരിക്കുകയുമാണ്. ഒരു നല്ല തുടക്കമായി ഞാൻ ഇതിനെ കാണുകയാണ്. അതുപോലെ തൊഴിൽ വകുപ്പിന്റെ കീഴി ലുള്ള ഐ.ടി. സ്ഥാപനങ്ങൾ, യഥാർത്ഥത്തിൽ ചെറുപ്പക്കാർക്ക് പത്താംതര ത്തിനോടൊപ്പംതന്നെ ചേർന്ന് വ്യക്തമായ രീതിയിൽ ഒരു കാഴ്ചപ്പാടോടു കൂടി തൊഴിലവസരങ്ങളുണ്ടാക്കുന്ന ഒരു ഹ്രസ്വകാല കോഴ്സാണെ ങ്കിൽപോലും അതിന് ഉദ്ദേശിച്ച ഫലം ലഭിക്കുന്നില്ല എന്നുള്ളത് എല്ലാ വർക്കുമറിയാം. അതിന്റെ ഘടനയിൽ, സിലബസ്സിൽ, നടത്തിപ്പിൽ, ഭൗതിക സാഹചര്യങ്ങളിൽ ഒരു സമൂലമായ മാറ്റമുണ്ടാക്കാൻ അങ്ങ് പ്രത്യേക താല്പര്യമെടുക്കണം. ഇന്ന് വിദേശ രാജ്യങ്ങളിൽ ബിരുദവും ബിരുദാനന്തര ബിരുദവുമൊക്കെയുള്ള ആളുകൾ ചെല്ലുമ്പോൾ അവിടെ വേണ്ടത് ഇതു പോലെയുള്ള തൊഴിൽ പരിശീലന കോഴ്സുകളാണ്. നിങ്ങൾക്ക് എന്ത് ചെയ്യാൻ കഴിയുമെന്നുള്ളതാണ് ചോദിക്കുന്നത്. അങ്ങനെയുള്ള തൊഴിൽശാലകളിൽ പണിയെടുക്കാനുള്ള പ്രാപ്തിയും കഴിവുമുള്ള ആളു കളെ തെരഞ്ഞെടുക്കാൻ അങ്ങ് പ്രത്യേകമായി താല്പര്യമെടുത്ത് ആ വിഷ യത്തിൽ പുനഃപരിശോധനയ്ക്ക് വിധേയമാക്കണമെന്ന് ഞാൻ അഭ്യർത്ഥി ക്കുകയാണ്. അതുപോലെ അന്യസംസ്ഥാനത്തൊഴിലാളികൾ, അവർ ഇവിടെ വരികയാണ്. .യഥാർത്ഥത്തിൽ അവർ നമ്മുടെ അതിഥികളാണ്. അവർ കേരളത്തിന്റെ ഇന്നത്തെ നിലനിൽപ്പിന് അഭിഭാജ്യഘടകങ്ങളാണ്. പക്ഷേ ചുരുക്കമെങ്കിലും ചിലയാളുകൾക്ക് ക്രിമിനൽ സ്വഭാവങ്ങളുണ്ട്. അങ്ങനെയുള്ള ആളുകളെ കണ്ടുപിടിക്കാനും മറ്റുള്ള തൊഴിലാളികൾക്ക് സംരക്ഷണമുണ്ടാക്കുവാനും ശക്തമായ രീതിയിൽ നടപടികളുണ്ടാകണം.

പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്യുകയും അങ്ങനെയുള്ളവരെ സംബന്ധിച്ച് വിലയിരുത്തലുകളുണ്ടാകേണ്ടത് വളരെ ആവശ്യമാണ്. അതിന്റെ ചുവടു പിടിച്ച് കുറെ കാര്യങ്ങൾ മുന്നോട്ടു നീങ്ങുന്നുണ്ട്. തൊഴിലാളികളെ ഇപ്പോഴും അടിമകളെപ്പോലെ ഒരുമിച്ചുകൊണ്ടുവന്ന് ലേലം ചെയ്ത് ആളുകളെ ഏൽപ്പിക്കുന്ന കങ്കാണി ഏർപ്പാട് ഇപ്പോഴും ഹൈറേഞ്ചിലുണ്ട് എന്ന് പത്രങ്ങളിൽ വന്ന വാർത്ത ഞാൻ ഓർത്തുപോകുകയാണ്. ഇത് കർശനമായി നേരിടേണ്ടിയിരിക്കുന്നു. കേരളംപോലെ ഇത്രമാത്രം ശക്തമായ തൊഴിലാളി ട്രേഡ് യൂണിയൻ മൂവ്മെന്റുള്ള ഒരു സംസ്ഥാനത്തെ തൊഴിലാളികളെ ഒന്നായി വിൽപ്പനച്ചരക്കാക്കുക എന്ന കാടത്തപരമായ നിയമം ഉണ്ടെങ്കിൽ അതിനെ ശക്തമായി നേരിടേണ്ട ഒരു ഉത്തരവാദിത്വം ഗവൺമെന്റിനുണ്ട്. അത് ശ്രദ്ധിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. ഞാൻ ദീർഘിപ്പിച്ചു സംസാരിക്കാൻ ഉദ്ദേശിക്കുന്നില്ല. സഹകരണ വകുപ്പിൽ ബഹുമാനപ്പെട്ട മന്ത്രി വളരെ ശ്രദ്ധേയമായ രൂപത്തിൽ നന്മ സ്റ്റോറുകൾ ആരംഭിച്ചു. ഇന്ന് വിലക്കയറ്റംകൊണ്ട് പൊറുതിമുട്ടുന്ന കേരളത്തിൽ അയ്യായിരത്തോളം നന്മ സ്റ്റോറുകൾ കൊണ്ടുവരുമെന്ന് അദ്ദേഹം പ്രഖ്യാപിക്കുകയും കുറെയേറെ നന്മ സ്റ്റോറുകൾ വരികയും ചെയ്തു. എന്റെ നിയോജകമണ്ഡലത്തിൽതന്നെ നാലഞ്ചെണ്ണത്തിന്റെ ഉദ്ഘാടനം ഇപ്പോൾ കഴിഞ്ഞിട്ടുണ്ട്. അതിന് അങ്ങയെ ഞാൻ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. ഇങ്ങനെ പൊതുമാർക്കറ്റിൽ ഇടപെടുവാനുള്ള ഏതവസരത്തെയും ഉപയോഗപ്പെടുത്തികൊണ്ട് സാധാരണകാരന്റെ ജീവിതവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുവാൻ സഹകരണവകുപ്പിന് കഴിയണം. അതുപോലെ ജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നം അമിതപലിശയാണ്. അമിതപലിശകൊണ്ട് ആത്മഹത്യ ചെയ്യുമ്പോൾ അവരുടെ ആശ്രി

തരുടെ കണ്ണീരൊപ്പാനും കടം എഴുതിത്തള്ളാനും നമ്മൾ മുന്നോട്ടുവരുന്ന തിനുപകരമായി മറ്റുള്ള നാഷണലൈസ്ഡ് ബാങ്കുകളും ഷെഡ്യൂൾഡ് ബാങ്കുകളുമൊക്കെ കാർഷിക വായ്പ കുറഞ്ഞ പലിശയ്ക്ക് കൊടുക്കുന്ന തുപോലെ കടംകൊണ്ട് പൊറുതിമുട്ടുന്ന ആളുകളെ സഹായിക്കാൻ സ്വർണ്ണ വായ്പപോലെയുള്ള വായ്പകൾ പലിശ ഉദാരമാക്കി നൽകുന്ന ഒരു സംവി ധാനം സഹകരണ വകുപ്പിന് ചെയ്യാൻ കഴിയുമോ എന്ന് അങ്ങ് പ്രത്യേ കമായി ശ്രദ്ധിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അങ്ങനെ സഹക രണവകുപ്പ് സാധാരണക്കാരന് പ്രതീക്ഷ നൽകുന്ന ഒരു സ്ഥാപനമായി ഉയർത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഇവിടെ ശ്രീ. കെ..രാജു പ്രസം ഗിച്ചപ്പോൾ എനിക്ക് വളരെയേറെ തമാശ തോന്നി. സാധാരണ കേട്ടിട്ടുണ്ട് ചുവപ്പു കണ്ട കാളയെപോലെ എന്ന്. ചുവപ്പു കണ്ട കാള വിരണ്ടു പോകും എന്നു കേട്ടിട്ടുണ്ട്. പക്ഷേ, പച്ചകണ്ട ഇടതുപക്ഷത്തെപ്പോലെയെന്നു ഇപ്പോൾ പറയാൻ തോന്നുകയാണ്. പച്ച എവിടെ കണ്ടാലും പ്രശ്നമാണ്. പച്ചക്കൊടി വീശി എന്നു പറഞ്ഞാൽ അതിന് പ്രശ്നം. റെയിൽവേയ്ക്ക് പച്ചക്കൊടി വീശുക എന്നുള്ള പ്രചുരപ്രചാരമായ ആ പദത്തോടും അലർജി യാണ് ഇവർക്ക്. എന്നിട്ട് മതേതരത്വത്തിലേയ്ക്ക് ചേരണമെന്നാണ് പറയു ന്നത്. മുമ്പൊരു ചുണ്ടെലി പറഞ്ഞതുപോലെ, രാജ്യത്താകമാനം അപകടമു ണ്ടാകുന്നു. അതുകൊണ്ട് നിങ്ങളെല്ലാവരും വല്ല കുണ്ടിലും മാളത്തിലും ഒളിച്ചിരിക്കണമെന്നു പറഞ്ഞ പഴയ ചുണ്ടെലിക്കഥപോലെ രാജ്യത്താക മാനം അപകടം ഉണ്ടാകുന്നു, സർവ്വരാജ്യ മതേതരവാദികളെ നിങ്ങൾ സംഘടിക്കുവിൻ, മതേതരത്വത്തെ ശക്തിപ്പെടുത്തുവാൻ നിങ്ങൾ മുന്നോട്ടു വരുവിൻ മലപ്പുറത്തൊരു പച്ച സൂര്യനുദിച്ചിട്ടുണ്ട് അതിന്റെ അപകടം മന സ്സിലാക്കണം എന്ന രീതിയിൽ ഇടതുപക്ഷക്കാർ പ്രസംഗിച്ചുകൊണ്ടിരിക്കുക

യാണ്. ഉത്തരവാദപ്പെട്ട നേതാക്കന്മാർ പ്രസംഗിക്കുമ്പോൾ വളരെ വേദന തോന്നുകയാണ്. 10-35 സ്കൂളുകൾ ഉണ്ടായിരുന്നതിനെ സംബന്ധിച്ച് ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. 17 വർഷം മുമ്പ് ആരംഭിച്ച വിദ്യാലയങ്ങൾ. ഇടതുപക്ഷവും യു.ഡി.എഫ്.-ഉം മാറിമാറി വന്നപ്പോൾ 238 -ഓളം വരുന്ന അദ്ധ്യാപകന്മാർക്കും മറ്റ് ജീവനക്കാർക്കും സുരക്ഷിതത്വം ഉണ്ടാക്കുന്നതിനുവേണ്ടി വളരെ ക്രിയാത്മകമായ നടപടി ഉണ്ടായപ്പോൾ അവസാനം കൊട്ടിഘോഷിച്ചത് എന്താണ്? അത് റെഗുല റൈസ് ചേയ്യേണ്ട തീരുമാനം ഗവൺമെന്റ് എടുത്തപ്പോൾ ലീഗുകാർക്ക് ഭാവിയിൽ കൈക്കൂലി വാങ്ങുന്നതിനുവേണ്ടി, കോടികൾ വാങ്ങുന്നതിനു വേണ്ടിയെന്ന് ഇവിടുത്തെ വർഗ്ഗീയവാദികളോടൊപ്പംനിന്ന് പ്രവർത്തിക്കുവാനും പ്രസംഗിക്കുവാനും അവർക്ക് ആളെ കൂട്ടുന്നതിനുമുള്ള പ്രസംഗം ഇടതുപക്ഷത്തുനിന്നുണ്ടായത് നിർഭാഗ്യകരമായി എന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇത് വളരെ നിർഭാഗ്യകരമാണ്. എന്താണ് ഇതിൽ തെറ്റ്? ഞാനും ഇതുപോലുള്ള ഒരു ചെറിയ സ്ഥാപനം നടത്തുന്ന ആളാണ്. 33 സ്ഥാപനം നടത്തുന്ന കൂട്ടത്തിൽ അതിന്റെ സെക്രട്ടറിയാണ് ഞാൻ. 35 വർഷക്കാലമായി കരുവാരക്കുണ്ടിന്റെ സ്വന്തം പ്രദേശത്ത് ദാറുൽ ഇസ്ലാം ഇസ്ലാമിക് സെന്റർ എന്നു പറയുന്ന ഒരു ചെറിയ സ്ഥാപനമുണ്ട്. അയ്യായിരത്തോളം കുട്ടികൾ പഠിക്കുന്നുണ്ട്. 400 അനാഥകുട്ടികൾ പഠിക്കുന്നുണ്ട്. ബഹുമാനപ്പെട്ട ശ്രീ. ജോസ് തെറ്റയിൽ മന്ത്രിയായിരുന്നപ്പോൾ വന്നിട്ടുണ്ട്. സ്പീക്കർ വന്നിട്ടുണ്ട്. അങ്ങനെ പലരും വന്നിട്ടുണ്ട്. അയ്യായിരത്തോളം കുട്ടികൾ പഠിക്കുന്ന ഒരു സ്ഥാപനമാണ്. അവിടെ വന്നു കാണണം ശ്രീ.പി. ശ്രീരാമകൃഷ്ണനെപോലെയും ഡോ. കെ.ടി. ജലീലിനെപ്പോലെയുള്ളവർ

അവിടെ വന്നു കാണണം.  എന്നിട്ടു പറയണം.  ഡോ. കെ.ടി. ജലീൽ മനസ്സി ലായിട്ടും മനസ്സിലാവുകയില്ല എന്നു നടിക്കുകയാണ്. അങ്ങനെ ഈ ആളു കളെ തെറ്റിദ്ധരിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഉത്തരവാദിത്വത്തോടുകൂടി പറ യുകയാണ്, ഞാൻ ഈ സ്ഥാപനത്തിന്റെ സെക്രട്ടറിയായി ചുമതലയേറ്റിട്ട് രണ്ടു വർഷമായി.  മഹാനായ  കെ.റ്റി. മാൻമുസലിയാർ എന്നുപറയുന്ന ഒരു പണ്ഡിതനാണ് ഇതിന്റെ സ്ഥാപകൻ.  പാണക്കാട് ശ്രീ. ഹൈദരാലി ഷിഹാബ് തങ്ങൾ സംസ്ഥാന പ്രസിഡന്റ് ആകുന്നതിനുമുമ്പ് 22-25 വയസ്സ് പ്രായമുണ്ടാകുമ്പോൾ ഈ സ്ഥാപനത്തിന്റെ പ്രസിഡന്റായിരുന്നു. ഞങ്ങൾക്ക് ആകെ ലഭിക്കുന്ന ഒരു എയ്ഡഡ് സ്ഥാപനം ഈ പറയപ്പെ ടുന്നതാണ്. മറ്റൊരു സയൻസ് കോളേജുണ്ട്. ഈ അൺഎയ്ഡഡ് സ്ഥാപന ത്തിൽ ആയിരത്തോളം വിദ്യാർത്ഥികളുണ്ട്. ഇവിടെ ഇംഗ്ലീഷ് സി.ബി.എസ്. ഇ. പഠിപ്പിക്കുന്നുണ്ട്. അവിടെ ഹൈസ്ക്കൂളുണ്ട്, ഹയർ സെക്കന്ററി സ്കൂളു ണ്ട്.  എല്ലാം മാനേജുമെന്റ് സ്ഥാപനങ്ങളാണ്.  സെൻട്രൽ ഗവൺമെന്റിൽ ഇങ്ങനെയൊരു സ്കീം ഉണ്ടാവുമെന്നു പറഞ്ഞപ്പോൾ ഞങ്ങളും അപേക്ഷി ച്ചു.  ആ കെട്ടിടം ഉണ്ടാക്കിയത് വഖഫ് ഭൂമിയിലാണ്.  വഖഫ് ഭൂമി ഇവർ പറയുന്നതുപോലെ ഗവൺമെന്റിന് വിട്ടുകൊടുക്കുവാൻ കഴിയുമോ?  രാജ്യത്തെ നിയമം അനുവദിക്കുമോ?  വഖഫ് ഭൂമി സംസ്ഥാന ഗവൺമെന്റിനോ മറ്റാർക്കെങ്കിലുമോ വിട്ടുകൊടുക്കാൻ കഴിയുമോ?  അത് ഗവൺമെന്റിന് വിട്ടുകൊടുക്കണമെന്നാണ് ഇവർ പറഞ്ഞുകൊണ്ടിരിക്കുന്നത്.  യഥാർത്ഥ ത്തിൽ ഇടതുപക്ഷത്തിന് എന്തിനാണ് ഈ ഹാലിളക്കം.  ആധികാരികായി പറയാം.  അവിടെ വേറെ അറബി സ്കൂളുണ്ട്. അവിടെ ഞാൻ പഠിച്ചിട്ടുണ്ട്. ചിലകാര്യങ്ങൾ നേരിട്ട് ബന്ധമുള്ള സ്ഥാപനത്തെക്കുറിച്ച് ഞാൻ പറയു

ന്നുവെന്നേയുള്ളു. ഒരു അറബിക് കോളേജിൽ പതിനഞ്ചോളം സ്റ്റാഫുകളു ണ്ട്. അവർക്ക് യു.ജി.സി. ഉണ്ട്. അതിന്റെ പ്രിൻസിപ്പൽ എന്നു പറയുന്നത് ഒന്നാം ക്ലാസിൽ വന്നു പഠിച്ച അനാഥനായിട്ടുള്ള ഒരു ബാലനാണ്. ആ അനാഥബാലനടക്കം പതിനഞ്ചോളം അധ്യാപകന്മാർ അവിടെയുണ്ട്.

മി. ചെയർമാൻ : അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. എം. ഉമ്മർ : ആ ഒരു സ്ഥാപനത്തിൽ ഈ 15 പേരിൽനിന്നും ഒരു നയാ പൈസപോലും നിയമനത്തിനുവേണ്ടി വാങ്ങിയിട്ടില്ല. അതു പോലെ ഡോ.കെ.ടി. ജലീൽ,. ലീഗുകാർ എല്ലാ സ്ഥാപനങ്ങൾക്കും കൈക്കൂലി വാങ്ങിയിട്ടാണോ നടത്തുന്നത്? അദ്ദേഹം പഠിച്ചിരുന്ന ഒരു സ്ഥാപനമുണ്ട്. പി.എം.എസ്. കോളേജ് (പോക്കർ സാഹിബ് മെമ്മോറിയൽ കോളേജ്) അവിടെ നൂറോളം അദ്ധ്യാപകന്മാരുണ്ട്. 100 ശതമാനം ലീഗ് കമ്മിറ്റിക്കാരാണ് അതിന്റെ മാനേജുമെന്റ്. ഒരാളിൽ നിന്നെങ്കിലും ഒരു നയാ പൈസ വാങ്ങിയിട്ടുണ്ടോ? 100 അധ്യാപകന്മാരെ വച്ചതിൽ അതും പതിനേ ഴോളം വരുന്ന കോളേജു സ്റ്റാഫുകൾ അന്യസമുദായക്കാരാണ്. മതേതര ത്വം പ്രസംഗിക്കുകയല്ല, കാണിച്ചുകൊടുക്കുന്നതാണ് ഞങ്ങളുടെ പാരമ്പര്യം. മതേതരത്വം പ്രസംഗിച്ചു നടക്കലല്ല. അതുപോലെ മഞ്ചേരിയിൽ ഏരിയ ഇന്റൻസീവ് പ്രോഗ്രാമിൽ വരുന്ന നജുവത്തിൽ മുജാഹിദീൻ നടത്തുന്ന ഒരു സ്ഥാപനമുണ്ട്. അവിടെ 150 കുട്ടികൾ മാത്രമാണ് പഠിക്കുന്നത്. അവിടെ 12 സ്റ്റാഫുകളുണ്ട്. ഒരാളിൽനിന്നും ഒരു നയാ പൈസ വാങ്ങിയിട്ടില്ല. നിങ്ങൾ പോയി പരിശോധിച്ചു നോക്കണം. ഈ ഏരിയ ഇന്റൻസീവ് പ്രോഗ്രാമിൽ പ്രവർത്തിക്കുന്ന ഡസൺ കണക്കിന് വിദ്യാലയങ്ങളിൽ ഒരു നയാ പൈസപോലും ഒരാളിൽനിന്നും വാങ്ങിയിട്ടില്ല. വെറും ലീഗുകാരല്ല

അവിടെയുള്ള സ്റ്റാഫുകൾ. പാവട്ടിപ്പുറം എന്നു പറയുന്ന ഒരു സ്കൂളിൽ എട്ട് സ്റ്റാഫുണ്ട്. അറു പേര് മറ്റു സമുദായക്കാരാണ്. ഇതൊന്നും മനസ്സിലാക്കാതെ......... നിങ്ങൾ ലീഗിന്റെ പേര് പറഞ്ഞാൽ ഞങ്ങൾക്ക് യാതൊരു ആക്ഷേപവുമില്ല. ലീഗിനെ നിങ്ങൾ എത്ര ആക്രമിച്ചാലും ഞങ്ങൾക്ക് ആക്ഷേപമില്ല. പക്ഷേ, ഒരു സമുദായത്തെ ഒന്നടങ്കം തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ സി.പി.എം. പോലുള്ള ഒരു സംഘടന ബി.ജെ.പി.ക്കും അതുപോലുള്ള വർഗ്ഗീയവാദികൾക്കും കയ്യടി ഉണ്ടാക്കുന്ന ശ്രമത്തിൽ പങ്കാളികരാകരുത് എന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ പ്രസംഗിക്കുകയുണ്ടായി. മലപ്പുറത്ത് 1967 -ൽ ലീഗും ഞങ്ങളും ഒരുമിച്ച് മത്സരിച്ചപ്പോൾ അന്ന് ലീഗിന്റെ ഭൂരിപക്ഷം ആയിരമാണ് ഇപ്പോഴത്തെ ഭൂരിപക്ഷം 44,000 എന്നുള്ളതാണ്. അതിനുള്ള കാരണമുണ്ട്. നിങ്ങളാണ്. കഴിഞ്ഞ തവണ ഭരിച്ചത് കേരളത്തിലെ ജനങ്ങൾ അതിന്റെ ഫലം കണ്ടു. ഇപ്പോൾ ഞങ്ങൾ തെരഞ്ഞെടുപ്പിലേക്ക് പോകുകയാണ്. നിങ്ങൾ നടത്തുന്ന കള്ളപ്രചരണങ്ങൾ കേരളത്തിലെ മതേതരസ്വഭാവമുള്ള ജനങ്ങളുടെ മുമ്പാകെ വച്ചാൽ ഞങ്ങളുടെ ഭൂരിപക്ഷം വർദ്ധിക്കും. ലീഗിന്റെ ഭൂരിപക്ഷം വർദ്ധിച്ചിരിക്കുന്നതിൽ മാത്രമേ നിങ്ങൾക്ക് കുഴപ്പമുള്ളു. കാസർഗോഡ് നിങ്ങൾ മൂന്നാം സ്ഥാനത്താണ്. ഒരു കുഴപ്പവിമില്ലല്ലോ. ബി.ജെ.പി രണ്ടാം സ്ഥാനത്താണ്. മഞ്ചേശ്വരത്ത് നിങ്ങൾ മൂന്നാം സ്ഥാനത്താണ്. കാസർഗോഡ് ചരിത്രത്തിലാദ്യമായി നിങ്ങൾക്ക് കെട്ടിവച്ച കാശു പോയി. നിങ്ങൾ എവിടെയാണെന്ന് നിങ്ങൾ പരിശോധിച്ചു നോക്കണം. ലീഗ് അല്ല നിങ്ങളുടെ ശത്രുക്കൾ. നിങ്ങളുടെ യഥാർത്ഥ ശത്രു ആരാണെന്നു നിങ്ങൾ കണ്ടുപിടിക്കണം. നിങ്ങളുടെ ശത്രുക്കൾ നിങ്ങളുടെ കൂട്ട

ത്തലുണ്ട്. നെയ്യാറ്റിൻകരയിലെ തെരഞ്ഞെടുപ്പിൽ ബി.ജെ.പി.-ക്ക് നിങ്ങൾ വോട്ട് വർദ്ധിപ്പിച്ചു. ഞങ്ങളുടെ കുറ്റമാണോ? ഇതുപോലെ ബി.ജെ.പി.-യിലേക്ക് ആളെ കൂട്ടുന്ന പ്രചരണം, നിങ്ങൾ നടത്തുന്ന കള്ള പ്രചരണങ്ങളൊക്കെതന്നെ നിങ്ങൾക്കല്ല ഗുണം കിട്ടുന്നത് ഗുണം കിട്ടുന്നത് മറ്റുള്ളവർക്കാണെന്ന് മനസ്സിലാക്കാനുള്ള വിവേകമെങ്കിലും നിങ്ങൾക്കുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. നിങ്ങൾക്ക് ഇപ്പോൾ പഴയ കാലത്തിനിന്നും വ്യത്യസ്തമായി സ്ഫടികം പോലെ നിൽക്കുന്ന സമുദായ മൈത്രിയുടെ ജലപരപ്പിലേയ്ക്ക് കല്ലെറിഞ്ഞ് കുളം കലക്കാൻ ചില ആളുകൾക്ക് കഴിഞ്ഞു എന്നു വരാം. പക്ഷേ, സി.പി.എം.-നെ പോലെ ഒരു സംഘടന സമുദായ മൈത്രി എന്ന ജലപ്പരപ്പിലേയ്ക്ക് കല്ലെറിഞ്ഞ് കുളം കലക്കുന്നതിനുവേണ്ടി ഇതുപോലുള്ള ആത്യന്തിക വർഗ്ഗീയ വാദികളോടൊപ്പം കൂട്ടു ചേരരുത് എന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. സത്യത്തെ സത്യമായി മനസ്സിലാക്കുവാനും യാഥാർത്ഥ്യബോധത്തോടുകൂടി കാര്യങ്ങൾ കണക്കാക്കുവാനും മുന്നോട്ടുവരണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി പിന്തുണച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. ജി. സുധാകരൻ : സർ,

'എവിടെത്തിരിഞ്ഞൊന്നു നോക്കിയാലും

അവിടെല്ലാം പൂത്ത മരങ്ങൾ കാണാം' എന്ന് ചങ്ങമ്പുഴ പാടിയതുപോലെ

'എവിടെത്തിരിഞ്ഞൊന്നു നോക്കിയാലും

അവിടെല്ലാം സഹകരണസംഘങ്ങൾ കാണാം'.

യു.പി.എ. സർക്കാർ സഹകരണമേഖലയിൽ ആദായനുകുതിയും സേവനനികുതിയും ബാധകമാക്കി കേരളത്തിന് സാമ്പത്തിക ആഘാതമേൽപ്പിച്ചിരിക്കു

കയാണ്. 111-ാം ഭരണഘടനാ ഭേദഗതി സഹകരണ മേഖലയിലെ നെഹ്റു വീയൻ കാഴ്ചപ്പാടുകളെ തകർത്തിരിക്കുകയാണ്. ഐ.ടി ആക്ടിലെ 80 (പി) വകുപ്പിന്റെ എക്സംപ്ഷൻ ശ്രീ. മൻമോഹൻ സിംഗ് എടുത്തുകളഞ്ഞു. അതിന് ശ്രീ. ഉമ്മൻ ചാണ്ടി കൈ പൊക്കുകയും ചെയ്തു. കേന്ദ്രവും സംസ്ഥാനവും ചേർന്ന് കേരളത്തിന്റെ ആത്മാവായ സഹകരണ പ്രസ്ഥാ നത്തെ ചവിട്ടിക്കൊല്ലുകയാണ്. നിയമഭേദഗതിയിലൂടെ ബാങ്ക് റിസർവ് ബാങ്കിന്റെ ലൈസൻസുള്ള ഉദാരവൽക്കരണ സബ്കമ്മിറ്റികളായി കോ-ഓപ്പ റേറ്റീവ് ബാങ്കുകളെ മാറ്റുകയാണ്. വൈദ്യനാഥൻ റിപ്പോർട്ട് ഞാൻ ഒപ്പിട്ടില്ല, നടപ്പിലാക്കിയില്ല എന്നു പറഞ്ഞ് നിങ്ങൾ പ്രതിപക്ഷമായിരുന്നപ്പോൾ ഒരു പാട് ശകാരിച്ചു. സഹകരണ പ്രസ്ഥാനത്തെ ചവിട്ടിക്കൊല്ലാൻ എനിക്ക് മനസ്സില്ല, സി.പി.എം.-ന് മനസ്സില്ല, എൽ.ഡി.എഫ്.-ന് മനസ്സില്ല. നിങ്ങൾ അധികാരത്തിലാണിപ്പോൾ. ശ്രീ. മൻമോഹൻ സിംഗ് നമ്മുടെ സഹകരണ പ്രസ്ഥാനത്തെ കൊല്ലാൻ പിന്തുണ നൽകുന്നു. നിങ്ങൾ, സഹകരണ പ്രസ്ഥാനത്തെ നിയന്ത്രിക്കാൻ കേന്ദ്രം കൊണ്ടുവന്ന നിയമങ്ങളെ പിൻവലി ക്കാൻ ഞങ്ങളുമായി സഹകരിക്കുമോ? സഹകരണ ജനാധിപത്യം ഈ പ്രസ്ഥാനത്തിന്റെ ജീവവായു ആണ്. കക്ഷിരാഷ്ട്രീയത്തിൽ രാഷ്ട്രീയം പറഞ്ഞിട്ട് നിങ്ങൾ സഹകരണജനാധിപത്യത്തെ ശ്വാസം മുട്ടിക്കുന്നു. ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രി ശ്രീ. സി. എൻ. ബാലകൃഷ്ണനെ പോലും മനസ്സാക്ഷി അനുസരിച്ച് ഭരിക്കാൻ നിങ്ങൾ അനുവദിക്കുന്നില്ല. ജില്ലാ ബാങ്കുകളും സംസ്ഥാന കാർഷിക വികസന ബാങ്കുകളും, സംസ്ഥാന ബാങ്കും പിരിച്ചുവിടാൻ യു.ഡി.എഫ് യോഗം ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രിക്ക് ഉത്തരവ് നല്കി. ഭരണസമിതികളെ പിരിച്ചുവിടില്ലാ എന്ന്

പ്രഖ്യാപിച്ച മന്ത്രിയെക്കൊണ്ടുതന്നെ യു.ഡി.എഫ് അത് പിരിച്ചുവിടുവിച്ചു. പിലാത്തോസിനെപ്പോലെ സഹകരണ രക്തത്തിൽ എനിക്ക് പങ്കില്ലാ എന്നുപറഞ്ഞ് കൈകഴുകാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി, സഹകരണ വകുപ്പുമന്ത്രി ശ്രീ. സി.എൻ. ബാലകൃഷ്ണനോട് ആവശ്യപ്പെട്ടു. ഒന്നാം നമ്പരായ പരിയാരം മെഡിക്കൽ കോളേജ് ഭരണ സമിതിയെ പിരിച്ചുവിടാൻ യു.ഡി.എഫ് ഉത്തരവിട്ടു. അന്വേഷിച്ചശേഷം പിരിച്ചുവിടാൻ പറ്റില്ല എന്ന് മന്ത്രി പറഞ്ഞു. അതിന് പരസ്പര സഹകാരിയായ മന്ത്രിയുടെ വാക്കിനെതിരെ യു.ഡി.എഫ്-ന്റെ മുൻ സഹകരണ വകുപ്പുമന്ത്രി പറഞ്ഞ അസഭ്യം, അശ്ലീലം ഈ സഭാരേഖയിൽ വരാൻ പാടില്ലാത്തതിനാൽ ഞാൻ പറയുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഹകരണ വകുപ്പുമന്ത്രിയെ ഡിഫൻഡ് ചെയ്യുന്നില്ല. കെ.പി.സി.സി പ്രസിഡന്റ് ഡിഫൻഡ് ചെയ്യുന്നില്ല. ഡി.സി.ബി-കളുടെ കാലാവധി പൂർത്തിയായതിനുശേഷമാണ് ഞാൻ മുൻകൈയെടുത്ത് എൽ.ഡി.എഫ് തീരുമാനപ്രകാരം കടലാസ് സംഘങ്ങളെ വോട്ടവകാശത്തിൽ നിന്ന് മാത്രം നീക്കിയത്. വായ്പാ സംഘങ്ങളുടെ അപ്പെക്സ് ബോഡിയായ ഡി.സി.ബി-കളെ ശരിയായി പ്രവർത്തിപ്പിച്ചു. അതിനെ അട്ടിമറിച്ചു. തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതികളെ നിയമഭേദഗതിയിലൂടെ പിരിച്ചുവിട്ട തെറ്റായ നടപടി തിരുത്തണം. ഈ ഭേദഗതികൾ പിൻവലിക്കണം. നബാർഡ് കൃഷിക്കാരെ മറന്നുകഴിഞ്ഞു. കോൺട്രാക്ടർമാരുടെ പ്രസ്ഥാനമായി മാറി. ഡോ.മൻമോഹൻ സിംഗിന്റെ മുമ്പിൽപോയ മന്ത്രിസഭയ്ക്ക് കൃഷിക്കാർക്കുവേണ്ടി നബാർഡിന്റെ കൊളളരുതായ്മയ്ക്കെതിരെ എന്തെങ്കിലും പറയാൻ ധൈര്യം ഉണ്ടായില്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആവിഷ്കരിച്ച സമഗ്ര സഹകരണദർശനമായിരുന്നു സഹകരണ നവരത്നം കേരളീയം. എല്ലാ സർക്കാർ രേഖകളി

ലും നിയമസഭാ രേഖകളിലും പ്ലാനിംഗ് വിഭാഗത്തിന്റെ കണക്ക് പുസ്തകങ്ങളിലും ഈ പേര് സ്ഥാനം പിടിച്ചിട്ടുള്ളതാണ്. നിങ്ങൾ ആ പേര് എടുത്തുമാറ്റി. നവരത്നങ്ങൾ എന്ന നെഹ്റുവീയൻ പൊതുമേഖലാദർശനങ്ങളുമായി സഹകരണ നവരത്നത്തിന് അടുപ്പമുണ്ടായിരുന്നു. അഞ്ചുവർഷം കേരള സഹകരണ മേഖല കുതിച്ചത് സഹകരണ നവരത്നത്തിന്റെ തേരിലേറിയായിരുന്നു. ചരിത്രത്തിൽ സമാനതകളില്ലാത്ത ഉന്നതങ്ങളിലേയ്ക്കായിരുന്നു പ്രയാണം. സഹകരണ മേഖലയിലെ ഉന്നത നക്ഷത്രങ്ങളെപ്പോലും കൈക്കലാക്കുക എന്നതായിരുന്നു ഞങ്ങളുടെ ഉദ്ദേശ്യം. യു.ഡി.എഫ് ഗവൺമെന്റ് പേരെടുത്തുമാറ്റിയെങ്കിലും പദ്ധതികൾ തുടരാൻ തീരുമാനിച്ചതിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്. പക്ഷേ ഇപ്പോൾ നിങ്ങളുടെ ഭരണത്തിൽ സഹകരണ പ്രസ്ഥാനം ആത്മാവ് നഷ്ടപ്പെട്ട ശരീരംപോലെ അലഞ്ഞുതിരിയുകയാണ്. 20,000 കോടി രൂപയുടെ അറ്റനിക്ഷേപം 68,000 കോടി രൂപ ആക്കിയിട്ടാണ് എൽ.ഡി.എഫ് ഗവൺമെന്റ് അധികാരത്തിൽ നിന്ന് ഇറങ്ങിയത്. 13,000 കോടി രൂപ അറ്റവായ്പ 60,000 കോടിയായി വർദ്ധിപ്പിച്ചതിനുശേഷമാണ് ഞങ്ങൾ ഇറങ്ങിയത്. നിക്ഷേപ സമാഹരണം കൃത്യമായി നടത്തണം. 2016-ൽ 85,000 കോടി രൂപ ലോണും ഒരുലക്ഷം കോടി രൂപ നിക്ഷേപവുമായി മാറ്റാനുള്ള പദ്ധതി നിങ്ങൾ മുന്നോട്ട് കൊണ്ടുപോകുമോ? ‘അടുക്കളയിലെ നക്ഷത്രം’ എന്ന പുരസ്കാരവും ഒരുലക്ഷം രൂപയും നല്കി ഞങ്ങൾ കൺസ്യൂമർഫെഡിനെ വാനോളം ഉയർത്തി. തളർന്നു കിടന്ന കൺസ്യൂമർഫെഡിനെ സഹകരണവിപണനം കേരളീയത്തിലൂടെ വീട്ടമ്മമാരുടെ പ്രിയപ്പെട്ടതാക്കി. 60,000 സഹകരണ വിപണന മാർക്കറ്റുകൾ, 119 നീതി സ്റ്റോറുകൾ 240 നീതി മെഡിക്കൽ സ്റ്റോറുകൾ, 95 ത്രിവേണി സൂപ്പർ മാർക്കറ്റുകൾ, കുട്ടനാട്ടിൽ ഒഴുകുന്ന ത്രിവേണി, ഇടുക്കി, ആലപ്പുഴ, എറണാ

കുളം, കൊല്ലം എന്നീ ജില്ലകളിൽ സഞ്ചരിക്കുന്ന ത്രിവേണി എന്നിവ ആരംഭിച്ചു. ഓണം, വിഷു, റംസാൻ, ബക്രീദ്, ക്രിസ്തുമസ് എന്നീ ഉത്സവ കാലങ്ങളിലും വില ഉയരുന്ന പ്രത്യേക കാലത്തും കുചേല-കുബേര വ്യത്യാസമില്ലാതെ സഹകരണ വിപണനം കേരളീയം, കേരളീയ കുടുംബങ്ങളിൽ മികച്ച ഭക്ഷണ സാധനങ്ങൾ എത്തിച്ചു. തളർച്ചയിൽ നിന്നും ഉയർച്ചയിലേയ്ക്ക് കൺസ്യൂമർഫെഡ് വളർന്നു. പേര് മാറ്റിയെങ്കിലും പദ്ധതി തുടരാനുള്ള അങ്ങയുടെ തീരുമാനം നല്ലതുതന്നെ. പക്ഷേ പദ്ധതിയുടെ ആത്മാവിന് യു.ഡി.എഫ്-ന്റെ പ്രേതബാധ ഏറ്റോ എന്ന് ജനങ്ങൾ സംശയിക്കുന്നു. മൂന്ന് എഞ്ചിനീയറിംഗ് കോളേജുകളും, ഒരു എം.ബി.എ ഇൻസ്റ്റിറ്റ്യൂട്ടും, ഒരു ഫിനിഷിംഗ് സ്കൂളും, ഒരു കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റലും, ഒരു ബി.എസ്.സി നഴ്സിംഗ് കോളേജും ഞങ്ങൾ പുതുതായി കേപ്പ്-ന്റെ കീഴിൽ തുടങ്ങി. 200 കോടി രൂപയാണ് കേപ്പ്-ൽ പുതുതായി നിക്ഷേപിച്ച് ആസ്ഥി രൂപീകരണം നടത്തിയത്. അംഗീകാരമില്ലാതെ കിടന്ന കൊച്ചിയിലെ എം.ബി.ബി.എസ് കോഴ്സിന് അംഗീകാരം വാങ്ങിയത് 2007-ൽ ആണ്. പ്രാദേശിക രാഷ്ട്രീയത്തിലെ മണ്ഡരിബാധമൂലം കേപ്പ്-ൽ അഴിമതിയും നിയമവിരുദ്ധ പ്രവർത്തനങ്ങളും പ്രൊഫഷണലിസത്തിന്റെ ചോർച്ചയും കഴിഞ്ഞ ഒരുവർഷത്തിനിടയിൽ ഉണ്ടായിട്ടുണ്ട്. അത് അങ്ങ് തന്നെ അന്വേഷിക്കാൻ ഉത്തരവിട്ടത് ഉചിതമായി. നല്ല പ്രൊഫഷണലുകളെ പ്രോത്സാഹിപ്പിച്ച് കേപ്പ് -നെ മുന്നോട്ട് കൊണ്ടുപോകണം. ഇപ്പോഴത്തെ ഡയറക്ടർ ശ്രീ. സുകുമാരൻ നായർ അഴിമതിയില്ലാത്ത ആളാണ്. പുന്നപ്രയിലെ എം.ബി.എ ഇൻസ്റ്റിറ്റ്യൂട്ടിൽ സീനിയർ പ്രൊഫസറെ ഡയറക്ടറായി നിയമിക്കണം. ക്ലാസിൽ അസഭ്യം പറയുന്ന മനോരോഗിയായ ജൂനിയർ ലക്ച്ചററെയാണ് അവിടെ ഡയറക്ടർ ആക്കിയത്. അതിന്റെ പിന്നിൽ എന്താണ് സംഭവിച്ചത് എന്ന്

അന്വേഷിക്കണം. ആറന്മുള എഞ്ചിനീയറിംഗ് കോളേജിൽ ഉടൻ പ്രവേശനം നടത്തണം. 15,000 പ്രൊഫഷണൽ വിദ്യാർത്ഥികളാണ് കേപ്പ്-ൽ പഠിക്കുന്നത്. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ പ്രസിഡന്റ് ആയിരുന്ന കാലത്ത് ഗവൺമെന്റിന്റെ നിർദ്ദേശപ്രകാരം ആരംഭിച്ച സീ-മാറ്റ് എന്ന മഹത്തായ എം.ബി.എ/എം.സി.എ സ്കൂൾ തകർക്കാൻ അവിടത്തെ എം.ഡി കോഴ വാങ്ങിക്കൊണ്ട് പ്രവർത്തിക്കുന്നതായി ആക്ഷേപം ഉണ്ട്. ഇതിനെപ്പറ്റി വിജിലൻസ് അന്വേഷണം നടത്തണം. ഇല്ലെങ്കിൽ എം.ഡി-ക്ക് അധികാരമില്ല. ഭരണസമിതിയെ തടയണം. വിജിലൻസിനെ സഹകരണമേഖലയിൽ രാഷ്ട്രീയ വൈരാഗ്യം തീർക്കാൻ ഉപയോഗിച്ചുകൂടാ. മുഖ്യമന്ത്രിയുടെ ഓഫീസിലുള്ള ആരെങ്കിലും പറഞ്ഞാലും രാഷ്ട്രീയമായി ആഭ്യന്തര വകുപ്പുമന്ത്രിയും സഹകരണ വകുപ്പുമന്ത്രിയും വിജിലൻസിനെ ഉപയോഗിക്കുന്നത് തടയുകതന്നെ വേണം. എഴുത്തുകാരുടെ ലോകത്തിലെ ആദ്യത്തെ സഹകരണ പ്രസ്ഥാനമായ എസ്.പി.സി.എസ്-ന്റെ ആസ്തികൾ വിറ്റ് ശമ്പളമില്ലാതെ അടച്ചുപൂട്ടാനുള്ള നീക്കമാണ് 2006-ൽ ഞാൻ തടഞ്ഞത്. 11 കോടി രൂപയുടെ ആസ്തിയും അതിലേറെ ബാധ്യതയുമായി എസ്.പി.സി.എസ്, അതിന്റെ സ്ഥാപകരായ തകഴിയുടേയും കാരൂരിന്റെയും മറ്റും ശവമാടം തേടി യാത്രയാകുന്ന രംഗമാണ് 2006-ൽ കണ്ടത്. ദുരന്തം തിരുത്തിയെഴുതി പുസ്തകങ്ങളുടെ പൂക്കാലം സൃഷ്ടിച്ചു. അഞ്ചുവർഷംകൊണ്ട് 1200 പുസ്തകങ്ങൾ പുതുതായി പ്രസിദ്ധീകരിച്ചു. സാഹിത്യകാരന്മാരുടെ റോയൽറ്റി കുടിശ്ശിക 217 ലക്ഷം കൊടുത്തുതീർത്തു. കാൽനൂറ്റാണ്ടിന് ശേഷം ശമ്പളം പരിഷ്ക്കരിച്ചു. കിട്ടാക്കനിയായിരുന്ന ബോണസ് നല്കി. എല്ലാ ബാദ്ധ്യതകളും അടച്ചുതീർത്തു. ഒന്നരക്കോടി രൂപ ചെലവിൽ തകഴി സ്മാരകം അക്ഷരനഗരിയിൽ നിർമ്മിച്ചു. അതിൽ പൊൻകുന്നം വർക്കി

സ്മാരക ഹാൾ ഉദ്ഘാടനം ചെയ്യാൻ ശ്രീ. കെ. എം. മാണിയെയാണ് ഞങ്ങൾ ക്ഷണിച്ചത്. സാഹിത്യകാരന്മാരെല്ലാം വൈരം മറന്ന് സന്നിഹിതരായി. 2000- ൽ അധികം സഹകരണ ലൈബ്രറികൾ ആരംഭിച്ചു. എഴുത്തുകാരുടെ മഹാസംഗമങ്ങൾ വിളിച്ചുകൂട്ടി. ആസ്തി 11 കോടിയിൽ നിന്നും 45 കോടിയായി വർദ്ധിച്ചതായും 12 കോടി രൂപ മുഖവിലയുള്ള പുസ്തകങ്ങളുടെ 18 ലക്ഷം കോപ്പികൾ അച്ചടിച്ച് സ്റ്റോക്ക് ചെയ്തതായും ഞങ്ങളുടെ ഗവൺമെന്റ് ഇറങ്ങുമ്പോൾ നടന്നതായി അങ്ങുതന്നെ മറുപടി പറഞ്ഞിട്ടുണ്ട്. കെ.പി.സി.സി പ്രസിഡന്റ് പറഞ്ഞതുപ്രകാരം പ്രിയദർശിനി പബ്ലിക്കേഷനിൽനിന്നും അച്ചടിച്ച പുസ്തകങ്ങളുടെ കോപ്പികൾപോലും എസ്.പി.സി.എസ് വാങ്ങി. എല്ലാ പബ്ലിഷേഴ്സിനെയും പ്രോത്സാഹിപ്പിച്ചു. ഒന്നേകാൽ ലക്ഷംരൂപ വരുന്ന കേരളത്തിലെ ഏറ്റവും വലിയ ഔദ്യോഗിക സാഹിത്യ അവാർഡ് എസ്.പി.സി.എസ്-ൽ നിന്നും നല്കാൻ 15 ലക്ഷം രൂപ സ്ഥിരനിക്ഷേപം നടത്തിയിട്ടുണ്ട്. ഒന്നാമത്തെ അവാർഡ് എന്റെ കാലത്ത് തകഴിക്കും വയലാറിനും നല്കി. രണ്ടാമത്തെ അവാർഡ് അങ്ങയുടെ കാലത്ത് ഈ ആഗസ്റ്റ്മാസം നല്കേണ്ടതാണ്. പുസ്തകങ്ങളെ പ്രോത്സാഹിപ്പിക്കണം. അതിൽ കക്ഷി രാഷ്ട്രീയം കാണാൻ പാടില്ല. എസ്.പി.സി.എസ്-ൽനിന്നും മൂലധനം വാങ്ങി വായിക്കാത്ത ഏതെങ്കിലും എം.എൽ.എ-മാർ യു.ഡി.എഫ്-ൽ ഉണ്ടെങ്കിൽ അവർ അത് വാങ്ങി വായിച്ചിട്ട് കമ്യൂണിസത്തെ എതിർക്കാൻ ഞാൻ നിങ്ങളോട് അഭ്യർത്ഥിക്കുകയാണ്. എൽ.ഡി.എഫ് ഗവൺമെന്റ് നടത്തിയ സമഗ്ര സഹകരണ നിയമഭേദഗതിയെ അട്ടിമറിക്കരുത്. വിജിലൻസ് ഡയറക്ടറേറ്റും ഓഡിറ്റ് ഡയറക്ടറേറ്റും അട്ടിമറിക്കരുത്. സഹകരണ ലോട്ടറിയിലൂടെ 32 കോടിരൂപ സഹകരണ മേഖലയ്ക്ക് ആസ്തിയുണ്ടാക്കി. തിരുവനന്തപുരത്ത് നടന്ന അഖിലേന്ത്യാ സഹകരണ

എക്സ്പോ ചരിത്രത്തിൽ സ്ഥാനം പിടിച്ചു. 4000 കോടി രൂപ ഇ.എം.എസ് പദ്ധതിയിൽ കൊടുത്തതും ഇതിൽ നിന്നാണ്. സഹകരണത്തിന്റെ കാര്യ ത്തിൽ രാഷ്ട്രീയമായും ആദർശപരമായും ഞാൻ നിങ്ങളെ നെഹ്റുവീയൻ വിലയിരുത്തലിലേയ്ക്ക് ക്ഷണിക്കുകയാണ്. അദ്ദേഹ ത്തിന്റെ പ്രശസ്തമായ മൂന്ന് കൃതികൾ- ഘലലേ്യെ എ്യീാ മ എമവേലൃ ഹീ ഒശ െ ഉമൗഴവലേൃ, ഉശരെീ്ലൃ്യ ീള കിറശമ, ഏഹശാുലെ ീള ണീൃഹറ ഒശൃീ്യേ നിങ്ങൾ അത് വായിച്ചിട്ടുണ്ടാവും. വായിച്ചവർ വീണ്ടും വായിക്ക ണം. – കള ഠല ളശിറ മിൃ്യവേശിഴ ഴീീറ ശി ീവേലൃ രീൗിൃേശലെ ഠല വെീൗഹറ രലൃമേശിഹ്യ മേസല ശ എന്ന് അച്ഛൻ മകളോട് പറഞ്ഞു. മറ്റ് പാർട്ടികളിൽ നല്ലതുണ്ടെങ്കിൽ അത് സ്വീകരിക്കണം. പക്ഷേ നിങ്ങൾ എന്ത് നല്ലതാണ് സ്വീകരിക്കുന്നത്? നിങ്ങൾ ഞങ്ങളെ ഫാസിസ്റ്റുകൾ എന്നു വിളിച്ച് പ്രസംഗിക്കുന്നു. നിങ്ങൾ ഹിറ്റ്ലറുടെ ഫാസിസത്തെ സോഷ്യലിസ മായി ചിത്രീകരിക്കുന്നു. നെഹ്റു പഞ്ചവത്സര പദ്ധതി സ്റ്റാലിനിൽ നിന്നു മാണ് പകർത്തിയത്. എന്നിട്ട് നിങ്ങൾ ഞങ്ങളെ സ്റ്റാലിനിസ്റ്റുകൾ എന്നു വിളിക്കുന്നു. നെഹ്റു ഇന്തോ-റഷ്യ സൗഹൃദമുണ്ടാക്കി. ചൗവൻലായും നെഹ്റുവും അതുപോലെതന്നെ യുഗോസ്ലാവിയൻ പ്രസിഡന്റും ഈജി പ്ഷ്യൻ പ്രധാനമന്ത്രിയും ഇന്തോനേഷ്യൻ പ്രസിഡന്റും തമ്മിൽ പഞ്ചശീലം പ്രഖ്യാപിച്ചല്ലോ... സഹകരണം വേണം. റഷ്യവഴി പൊതുമേഖലകൾ കെട്ടി പ്പടുത്തല്ലോ. 21-ാം അദ്ധ്യായത്തിൽ നെഹ്റു മകളോട് ചൈനയെക്കുറിച്ച്

'മധുര മനോഹര മനോജ്ഞ ചൈന,

മാനവ ജീവിതം ഉണർന്ന ചൈന എന്ന മട്ടിലാണ് പ്രതിപാദനം നടത്തിയിട്ടുള്ളത്. നിങ്ങളോ? ചൈനയ്ക്കെതിരായി പോർയുദ്ധം നട

ത്തുന്നു. ഞങ്ങൾ ചൈന ചാരന്മാരാണെന്ന് പറയുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ ഇല്ലെങ്കിലും ഞാൻ അദ്ദേഹത്തെ അഭിസംബോധന ചെയ്യുകയാണ്. ബഹുമാനപ്പെട്ട മന്ത്രിമാരെ, യു.ഡി.എഫ് അംഗങ്ങളെ നിങ്ങൾ ഈ പുസ്തകങ്ങൾ വായിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഒന്നുകൂടി വായിക്കുമോ? നിങ്ങളുടെ മനസ്സിലും തലച്ചോറിലുമുള്ള ഹിറ്റ്ലറുടെയും മുസ്സോളിനിയുടെയും പിനാച്ചിറ്റിന്റെയും മർക്കാർത്തെയുടെയും ബുഷിന്റെയും ഗോൾവാർക്കറുടെയും ചിന്താശകലങ്ങൾ മാറ്റി നെഹ്റുവീയൻ ഫിലോസഫി വഴി നിങ്ങളുടെ ബുദ്ധിയെ കുറച്ചുകൂടി നൈർമല്യമുള്ളതാക്കാൻ നിങ്ങൾ വായനയെ അവലംബമാക്കുമോ എന്ന് ഞാൻ ചോദിക്കുകയാണ്. അദ്ധ്യായം 30 -ൽ നെഹ്റു മകളോട് - രാമായണം, ഗീത, മഹാഭാരതം എന്നിവ വായിക്കാൻ പറഞ്ഞു. നിങ്ങൾ നെഹ്റു, മഹാത്മാ ഗാന്ധി, ടാഗോർ, ഡോ. രാധാകൃഷ്ണൻ, കാറൾ മാർക്സ്, ഇ.എം.എസ് എന്നിവരുടെ പുസ്തകങ്ങൾ വായിക്കാൻ തയ്യാറുണ്ടോ എന്ന് ഞാൻ ചോദിക്കുകയാണ്. ഹിറ്റ്ലറുടെ മീൻകാംഫ്, സി.ഐ.എ -യുടെ റിപ്പോർട്ടുകളും ലോകബാങ്കിന്റെ സാമ്പത്തിക വിശകലനങ്ങളും വായിച്ചും പറഞ്ഞുംകേട്ട് സ്വയം പറഞ്ഞും ചിന്താശൂന്യരും കമ്മ്യൂണിസ്റ്റ് വിരുദ്ധരുമായിരിക്കുകയാണ് നിങ്ങളിൽ ഭൂരിപക്ഷം ആളുകളും. ഞാനും, ശ്രീ. എം.എ .ബേബിയും, ശ്രീം. എം. വിജയകുമാറും ഒരു അടിയന്തരാവസ്ഥക്കാലത്ത് സെൻട്രൽ ജയിലിൽ കിടക്കുമ്പോൾ കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോയും പാർട്ടി കേന്ദ്ര കമ്മിറ്റി റിപ്പോർട്ടുകളും നെഹ്റുവിന്റെ ഗ്രന്ഥങ്ങളും ഞങ്ങൾ അവിടെ ചർച്ച ചെയ്തിരുന്നു. ഞങ്ങളുടെ ആളുകളെല്ലാം അങ്ങനെ ചെയ്യാറുണ്ട്. ഞങ്ങൾക്ക് അന്ധമായ കോൺഗ്രസ് വിരോധമില്ല. നിങ്ങളുടെ മേലാള വർഗ്ഗ രാഷ്ട്രീയവും ബൂർഷ്വാ പ്രത്യയശാസ്ത്രവും ഭരണകൂടപരമായ ഭീകരതയുമാണ് ഞങ്ങൾ

എതിർക്കുന്നത്. ഇ. എം.എസ് ഞങ്ങളെ പഠിപ്പിച്ചതാണ്. ഉശരെീല്യ്യ ീള കിറശമ യിൽ ശ്രീമതി ഇന്ദിരാ ഗാന്ധി-യ്ക്ക് എഴുതുന്ന മട്ടിൽ നെഹ്റു, മാക്സ്മുള്ളറും റൊമയൻ റോളണ്ടും ഇന്ത്യയിൽ ജനിക്കാതിരുന്നതിന്റെ ദു:ഖം രേഖപ്പെടുത്തിയിട്ടുണ്ട്. ഏതൊരു ഭാരതീയനും കേരളം കണ്ടാൽ ഇ വിടെ ജനിക്കാൻ കഴിയാത്തതിലുള്ള ദു:ഖം രേഖപ്പെടുത്തും. ഭാരതമെന്നു കേട്ടാൽ അഭിമാനപൂരിതമാണ്ടേ ഇന്ത്യയെ യു.പി.എ ഏത് നരകത്തിലേ യ്ക്കാണ് നയിച്ചുകൊണ്ടുപോകുന്നത്.? □കേരളമെന്നു കേട്ടാൽ തിള യ്ക്കണം ചോര ഞരമ്പുകളിൽ□ എന്നുള്ള ഈ കേരളത്തെ നിങ്ങൾ എത്ര ഭീകരമായ ഒരു ഭരണകൂട ഭീകരതയിലേയ്ക്കാണ് കൊണ്ടുപോകുന്നത്. യു.ഡി.എഫ് ഇവിടെ കുളമാക്കിയില്ലേ? നിസ്സഹകരണത്തിന്റെ നരകക്കുഴി യാക്കിയില്ലേ? നിങ്ങൾ ഞങ്ങളോട് സഹകരിക്കാൻ തയ്യാറുണ്ടോ? ഞങ്ങൾ സഹകരിക്കാമെന്ന് മണ്ഡലത്തിൽ പറഞ്ഞാൽ പഞ്ചായത്തിൽ പറ ഞ്ഞാൽ കേരളത്തിൽ പറഞ്ഞാൽ നിങ്ങളുടെ സഹകരണം വേണ്ട എന്നു പറയുന്ന ഭൂരിപക്ഷത്തിന്റെ അഹങ്കാരമല്ലേ നിങ്ങളെ നയിക്കുന്നത്? അഹ ങ്കാരം അധ:പ്പതനത്തിന്റെ ആരംഭമാണെന്നുള്ള കാര്യം ശ്രീ. ഉമ്മൻ ചാണ്ടി മനസ്സിലാക്കണം. അറബികൾ നമ്മളെ അടിച്ചമർത്തിയില്ല. അറേബ്യൻ സുഗന്ധത്താൽ സൗരഭ്യപൂരിതമാക്കി. സാമ്രാജ്യത്വം നമ്മളെ അടിമകളാ ക്കി. നിങ്ങൾ അമേരിക്കൻ അടിമത്തം ഡോ. മൻമോഹൻ സിംഗിലൂടെ ചോദിച്ചു വാങ്ങുകയാണ്. ചെറുകിട വ്യാപാര അടിമത്തം ബഹുമാനപ്പെട്ട മുഖ്യമന്ത്രി തൽക്കാലം അവധിക്ക് വച്ചിരിക്കുകയാണ്. അത് വീണ്ടും എടുക്കുമെന്ന് ഞങ്ങൾക്ക് അറിയാം. എടുക്കുമ്പോൾ നേരിടാൻ ഞങ്ങൾ തയ്യാറായിരിക്കുകയാണ്. നിങ്ങളിപ്പോൾ ന്യൂനപക്ഷ വർഗ്ഗീയതയെ താലോ ലിക്കുന്നു. എന്നാൽ ന്യൂനപക്ഷങ്ങളെ നിങ്ങൾ സ്നേഹിക്കുന്നില്ല. സ്വാ

തന്ത്ര്യസമര കാലത്ത്  ഹിന്ദുവർഗീയതയ്ക്ക് മുസ്ലീങ്ങളെ എറിഞ്ഞുകൊടു ത്തവരാണ് നിങ്ങൾ.  ഇ.എം.എസ്-ന്റെ ഇന്ത്യാ ചരിത്രം  വായിച്ചുനോക്കി യാൽ മതി.  1935 -ലെ പ്രവിശ്യാ തെരഞ്ഞെടുപ്പുകളിൽ മുസ്ലീംലീഗുമായി ചേർന്ന് എല്ലാ  പ്രവിശ്യകളിലും ഭൂരിപക്ഷം നേടിയശേഷം ഗവൺമെന്റിൽ നിന്നും  ലീഗിനെ ഒഴിവാക്കുകയാണ്  കോൺഗ്രസ് ചെയ്തത്.  സീതി സാഹിബിന്റെ തൊപ്പിയൂരി 1960-ൽ സ്പീക്കറാക്കിയതിനെയാണ് ഇപ്പോൾ എനിക്ക് ഓർമ്മ വരുന്നത്. 1935-ലെ വഞ്ചനയിൽ പ്രതിക്ഷേധിച്ചാണ് 'ഒരൊറ്റ ഇന്ത്യ ഒരൊറ്റ ജനത' എന്നു പറഞ്ഞുനടന്ന മുഹമ്മദാലി ജിന്ന ആദ്യമായി ദ്വീരാഷ്ട്രവാദം ഉന്നയിച്ചത്. ലീഗുകാരാരും ഇപ്പോൾ ഇവിടെ ഇല്ല. ഉണ്ടെങ്കിൽ സന്തോഷം.  ആദ്യമേ അത് ഉന്നയിച്ചിട്ടില്ല. അന്ന് നിങ്ങൾ ഹിന്ദുവർഗ്ഗീയതയ്ക്ക് അടിമയായി. ഇന്ന് നിങ്ങൾ ന്യൂനപക്ഷ വർഗ്ഗീയതയെ താലോലിക്കുന്നു. മുസ്ലീങ്ങളോടും ക്രിസ്ത്യാനികളോടും ഇഷ്ടമുണ്ടായിട്ടുള ളതുകൊണ്ടല്ല. വോട്ടിനുവേണ്ടി, അധികാരത്തിനുവേണ്ടി നിങ്ങൾ ആദ്യം തന്നെ വിജയിക്കില്ല. കേരളത്തിന്റെ മുൻനിരപ്രസ്ഥാനമായ ഇടതുപക്ഷത്തെ മൂന്നാം സ്ഥാനത്തേയ്ക്ക് തള്ളി. ഒന്നാം സ്ഥാനം യു.ഡി.എഫിനും രണ്ടാം സ്ഥാനം ബി.ജെ.പി.ക്കും നൽകാൻ ഒരു  അമേരിക്കൻ അജണ്ട കേരളത്തിൽ തയ്യാറായിട്ടുണ്ട്. ഇത് നെയ്യാറ്റിൻകരയിൽ പരീക്ഷണത്തിനുവച്ചു. വേണ്ടത്ര വിജയിച്ചില്ല. ചില ജാതി-മത ശക്തികൾ നിരന്തരം മാറുന്ന കപട നാടക ങ്ങളിലൂടെ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഈ ജാതി-മത ശക്തികൾ വന്ന് ഈ തുളളുന്ന കത്തിവേഷത്തിനുപുറകിൽ കർട്ടൻ പിടിക്കുന്നത് കോൺഗ്രസ്സ് (ഐ) തന്നെയാണ്. വ്യക്തമായി നമുക്കറിയാം. നിങ്ങൾ ഇത് കുത്തകയുടെ കളിയാണ്. ഈ ശക്തികൾ അവസാന കോൺഗ്രസ്സിൽ

വീഴും. നെഹ്റു പ്രഖ്യാപിച്ചു ‘All my life and strenth we are giving to the first cause of the world – the liberation of mankind’ ശ്രീ. ഉമ്മൻ ചാണ്ടി ആരുടെ ലിബറേഷനുവേണ്ടിയാണ് പ്രവർത്തിക്കുന്നത്? കമ്മ്യൂണിസ്റ്റുകാരെ ആക്ഷേപിച്ചതുകൊണ്ട് നിങ്ങൾക്ക് എന്ത് മാനവരാശിയുടെ മോചനത്തി നായി പ്രവർത്തിക്കാൻ കഴിയും. ഗ്ലിംസസ്സ് ഓഫ് വേൾഡ് ഹിസ്റ്ററിയിൽ നെഹ്റു സോഷ്യലിസ്റ്റ് രാജ്യങ്ങളെപ്പറ്റി മകളെ പഠിപ്പിക്കുകയാണ്. ഞങ്ങളുടെ ഉന്നത നിലവാരത്തിലാണ് എഴുതുന്നത്. അല്ലാതെ മാർക്സിസ്റ്റ് വിരോധമല്ല. വസ്തുനിഷ്ടതയാണ്. അതിനെ നിങ്ങൾ തന്നെ പുച്ഛിക്കുകയാ ണ്. ചരിത്രത്തിലെ വലതുപക്ഷ ചണ്ടികളായി യു.ഡി.എഫും നിങ്ങളുടെ പ്രസ്താനവും മാറാൻ ശ്രമിക്കുന്നത് കഷ്ടമാണ്. ഗ്ലിംസസ്സ് ഓഫ് വേൾഡ് ഹിസ്റ്ററിയുടെ ചാപ്റ്റർ മൂന്നിൽ ‘ഇൻക്വിലാബ് സിന്ദാബാദ്’ എന്നാണ് അതിന്റെ ഹെഡ്ഡിംഗ്. ധൈര്യമുണ്ടോ ഇൻക്വിലാബ് സിന്ദാബാദ് എന്ന് വിളി ക്കാൻ നിങ്ങൾക്ക് ധൈര്യമുണ്ടോയെന്ന് ചോദിക്കുകയാണ്. നിങ്ങൾ ഇൻക്വിലാബ് മൂർദ്ദാബാദ് എന്നെ വിളിക്കുകയുള്ളു. നിങ്ങൾ ജയ് ജയ് ഭാരത മാതാ.... എന്തു ഭാരത മാതാവ്? വിപ്ലവമില്ലാതെ എന്ത് ഭാരതമാതാവ്? അടിമത്വം മാറ്റാതെ എന്ത് ഭാരതമാതാവ്? ഭൂമി കൊടുക്കാതെ എന്ത് ഭാരത മാതാവ്? ഭാരത മാതാവ് എന്ന് നിങ്ങൾ പറയുന്നത് വർഗ്ഗീയ മാതാവിനെപ്പറ്റി യാണ്. ഇന്ത്യയെപ്പറ്റിയല്ല. ഇൻക്വിലാബ് സിന്ദാബാദ് എന്നാണ് അതിന്റെ ഹെഡ്ഡിംഗ്. നിങ്ങൾ ആ ബുക്ക് വായിക്കണം. 1931 ജനുവരി 7-ൽ ജയിലിൽ കിടന്നുകൊണ്ട് എഴുതിയതാണ്. അധ്യായം അവസാനിക്കുന്നതും ഇൻക്വി ലാബ് വിളിയോടുകൂടിയാണ്. വിപ്ലവം നീണാൽ വാഴട്ടെ എന്നാണ് അച്ഛൻ മകളോട് പറയുന്നത്. ഇൻക്വിലാബിന്റെ അർത്ഥമെന്ന് ഇംഗ്ലീഷിൽ ഇന്ദിരാ

ഗാന്ധിയെ അദ്ദേഹം പഠിപ്പിച്ചത്. ഇന്ദിരാഗാന്ധി അത് ഓർത്തിരുന്നുവെങ്കിൽ അടിയന്തരാവസ്ഥ പ്രഖ്യാപിക്കുമായിരുന്നില്ല. അച്ഛൻ പറഞ്ഞത് മറന്നതു കൊണ്ടാണ് മകൾക്ക് ആ ദുരന്തമുണ്ടാക്കിയത്. അവരെ അതിലേയ്ക്ക് നയിച്ചത് കോൺഗ്രസ്സിലെ ഫാസിസ്റ്റ് മനോഭാവമാണ്. അല്ലെങ്കിൽ അത് സംഭവിക്കുമായിരുന്നില്ല. നെഹ്റു ജയിലിൽ കിടക്കുമ്പോൾ പറയുകയാണ് 'Faint cries, but distant thunder reached me, they had a familiar ring and they seemed to find an answering echo in my heart. Inquilab Zindabad. ' ആ ശബ്ദം വെളിയിൽ കേൾക്കുകയാണ്. ആ ശബ്ദം ഹൃദയത്തെ സ്പർശിച്ചു വെന്നാണ്. 'The prison resounded with spiritual challenge and our heart where glad to hear it' ഇൻക്വിലാബ് സിന്ദാബാദ് എന്നു വിളിച്ചാൽ സി.പി. എം. സിന്ദാബാദ് എന്ന് വിളിച്ചാൽ കമ്മ്യൂണിസം. നിങ്ങൾ ഉടൻ തന്നെ മൂർദ്ദാബാദ് എന്ന് വിളിക്കും. നെഹ്റു ജയിലിൽ കിടന്നുകൊണ്ട് ഇൻക്വിലാബ് സിന്ദാബാദ് എന്ന് വിളിച്ചു. ആ പുസ്തം വായിച്ചു നോക്കുക. കാറൽ മാക്സിനെപ്പറ്റി പോലെ നെഹ്റു 'There arose a man in Germany who was destined to become the prophet of socialism and the father of communism, he was Karlmarx.' നിങ്ങൾ എന്താണ് പറയുന്നത്? വിവരമില്ലാത്തവരെ ചാടിക്കാൻ ഒരു കൊള്ളക്കാരൻ എന്നല്ലേ യൂത്ത് കോൺഗ്രസ്സുകാർ പറയുന്നത്? എന്നിട്ട് അദ്ദേഹം പറയുകയാണ് 'He applied science to find a remedy for the world's ills; ലോകത്തിന്റെ ദുരിതങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ അദ്ദേഹം ശാസ്ത്രത്തെ സമന്വയിപ്പിച്ചു. He publishes a

mighty book “Das Capital” It became the Bible of communism and socialism. It made tremendous influence on socialism. സോഷ്യലിസത്തെ ഏറ്റവും കൂടുതൽ സ്വാധീനിച്ചത് മഹാനായ കാറൽ മാക്സിന്റെ ദാസ് ക്യാപ്പിറ്റൽ ആണ്. അതിനെ നെഹ്റു സർട്ടിഫൈ ചെയ്തിട്ടുണ്ട്. ഡാർവിനോടൊപ്പമാണ് കാറൽ മാക്സിനെയും ഏംഗൽസിനെയും നെഹ്റു ആദരിച്ചത്. നിങ്ങളിൽ നെഹ്റു കണ്ടത് ‘A genius of true leadership, a clear headed expert in revolutuion’ എന്ന് എഴുതികൊണ്ടാണ്. ആ നിലയിലും സാർ ചക്രവർത്തിയെ ചരിത്രത്തിന്റെ ചവറ്റുകൊട്ടയിലേയ്ക്ക് Dust bin of History-യിലേക്ക് വലിച്ചെറിഞ്ഞ നേതാവ് എന്ന നിലയിലുമായിരുന്നു. 971 പേജുകളിൽ ഈ മഹത്തായ Glimpses of World History-ൽ നൂറിലേറെ പേജുകളാണ് നെഹ്റു മാർക്സിസത്തിനും വിപ്ലവത്തിനും വേണ്ടി നീക്കി വച്ചത്. ആഡംസ്മിത്ത്, ലോപ്സ്, ഹോപ്സ്, കാന്റ്, ഷോപ്പനോവർ, നിഷേ, കാർലൈൻ, മാക്യവെല്ലി, ബർണാഡ്ഷാ, ഹെഗൽ, റോബർട്ട് ഓവൻ എന്നിവരിലൂടെയാണ് കാൾമാർക്സ് വിപ്ലവത്തിലേയ്ക്ക് എത്തിയത്. മാർക്സിസം വായിക്കാത്തവർ ഇനിയും വായിക്കണം. വാനരിൽ നിന്നും നരൻ ഉണ്ടായി എന്ന ഡാർവിന്റെ സിദ്ധാന്തത്തിനുപകരം വാനരിൽ നിന്നും നേരെ യു.ഡി. എഫ്. ആണ് ഉണ്ടായത് എന്ന മട്ടിലാണ് നിങ്ങളെല്ലാപേരും സംസാരിച്ചത്. മുതലാളിത്തം സ്വർഗ്ഗമാണെന്നും സോഷ്യലിസം നരകമാണെന്നും നിങ്ങൾ ചിന്തിക്കുന്നു. നിങ്ങൾ മുതലാളിത്തത്തിന്റെ രാഷ്ട്രീയ കൂലിവേലക്കാരാണ്. സാമ്രാജ്യത്വത്തിന്റെ ബൗദ്ധിക അടിമകളാണ് അതുകൊണ്ട് ബഹുമാന്യനായ ഗാന്ധിയനായ സഹകാരിയായ സഹകരണവകുപ്പു മന്ത്രി നിങ്ങളുടെ

പേരിൽ ചരിത്രത്തിലേയും ... തുല്യമാക്കാൻ ശ്രീ. ഉമ്മൻ ചാണ്ടിയുടെ ഓഫീസിലെ .. നീക്കമുണ്ട്. ഉമ്മൻചാണ്ടിയുടെ സംസാരം തിരുത്തണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ നിറുത്തുന്നു. അവസാനിപ്പിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. നെഹ്റുവിന്റെ കാലത്ത് നെഹ്റുവിൻ സോഷ്യലിസത്തെ നഖശിഖാന്തം എതിർത്ത കമ്മ്യൂണിസ്റ്റ് നേതാക്കളുടെ പാരമ്പര്യം അവകാശപ്പെടുന്ന ശ്രീ. ജി. സുധാകരൻ ഇപ്പോൾ നെഹ്റുവിൻ സോഷ്യലിസത്തെ വാനോളം പുകഴ്ത്തുന്നത് കേട്ടാൽ ബഹുരസമാണ്. ഭാരതമാതാവ് എന്ന് ഉച്ചരിച്ചുകഴിഞ്ഞാൽ അത് വർഗ്ഗീയമാണ് എന്നൊരു കണ്ടുപിടിത്തം കൂടി ശ്രീ. ജി. സുധാകരൻ ഇപ്പോൾ കണ്ടുപിടിച്ചിരിക്കുന്നു. അതും നമുക്കൊരു പുതിയ അറിവായിട്ട് തന്നെ കാണാൻ കഴിയും. അഹങ്കാരം അധ:പതനത്തിന്റെ ആരംഭമാണെന്ന വാക്കുകൾ സി.പി.എം. നേതാക്കളുടെ അഹങ്കാരത്തോടുകൂടിയ, ധാർഷ്ട്യത്തോടുകൂടിയുള്ള വാക്കുകൾ കേൾക്കുമ്പോൾ കേരളത്തിലെ ജനങ്ങൾക്ക് അത് ശരിയായ രീതിയിൽ മനസ്സിലാക്കുന്നു. അദ്ദേഹത്തിന്റെ ആ വാക്കുകൾ അവരുടെ നേതാക്കന്മാരുടെ ധാർഷ്ട്യത്തെക്കുറിച്ച് തന്നെയായിരിക്കും സൂചിപ്പിക്കുന്നത് എന്നാണ് ഞാൻ കരുതുന്നത്. ഇവിടെ തൊഴിൽ വകുപ്പ് ഫലപ്രദമായി തൊഴിൽമേഖലയിലിടപ്പെട്ടുകൊണ്ട് മുന്നോട്ടുപോകുന്നു. നഴ്സിംഗ് രംഗത്ത് ഉണ്ടായ സമരത്തിൽ തൊഴിൽ വകുപ്പുമന്ത്രിയുടെ ഇടപെടൽ മാതൃകാപരമായിരുന്നുവെന്ന് പറയാതിരിക്കാൻ നിവൃത്തിയില്ല. പക്ഷേ തുടർന്നുള്ള പ്രവർത്തനങ്ങൾ ബലരാമൻ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കുകയും...... ഈ മേഖല അടക്കി വാഴുന്ന വലിയ ശക്തികൾ അത് നമ്മുടെ സമൂഹത്തിൽ സമുദായത്തിന്റേയും സമ്പത്തിന്റേയുമൊക്കെ വലിയ ശക്തികളാണ് സ്വകാ

ര്യ ആരോഗ്യമേഖല അടക്കി വാഴുന്നത്. അതുകൊണ്ടുതന്നെ അവരെ മൂക്കു കയറിടുവാനും ശരിയായ രീതിയിൽ ജനങ്ങളെ ചൂഷണം ചെയ്യുന്ന തൊഴിലാളികളെ ചൂഷണം ചെയ്യുന്ന ഈ സ്വകാര്യ ആശുപത്രികളെ നിലയ്ക്ക് നിറുത്തുന്നതിന് തൊഴിൽ വകുപ്പ് ഇനിയും ഫലപ്രദമായി ഇടപെടണമെന്നാണ് എനിക്ക് പറയാനുള്ളത്. മറ്റൊരു കാര്യം, കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡുകൾ ഉണ്ട്. ആ തൊഴിലാളി ക്ഷേമ ബോർഡ് പത്തനംതിട്ട ജില്ലയിൽ ആറന്മുള പഞ്ചായത്തിലുള്ള കഴിഞ്ഞ 5 വർഷക്കാലത്തെ ഈ ബോർഡിലെ ആനുകൂല്യം പറ്റിയ ആളുകളുടെ അഡ്രസ് വിവരാവകാശ നിയമമനുസരിച്ച് ചോദിച്ചു. ഞെട്ടിപ്പിക്കുന്ന വിവരമാണ് കിട്ടിയത്. ഇല്ലാത്ത മേൽവിലാസം വലിയ മണിമാളികളിൽ താമസിക്കുന്ന ആളുകൾ ഉദ്യോഗത്തിൽ നിന്ന് റിട്ടയർ ചെയ്ത ആളുകൾ ഒരു തരത്തിലും ഒരു തൊഴിലിനും ഇതുപോലുള്ള മാനുവൽ വർക്കിന് പോയിട്ടില്ലാത്ത ആളുകൾ അങ്ങനെയുള്ള ആളുകളുടെ ഒരു വലിയ ലിസ്റ്റാണ് തന്നത്. അതിനെ സംബന്ധിച്ച് അങ്ങേയ്ക്കും പരാതികൾ അയച്ചിട്ടുണ്ട്. പക്ഷേ ഇതൊന്ന് പരിശോധിക്കണ്ടേ? ഇങ്ങനെ ഈ പണം വിലയതോതിൽ ദുർവിനിയോഗം ചെയ്യുന്ന ആളുകൾ ആ ആളുകളെ നിലയ്ക്ക് നിറുത്തണം. അത് രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ ആളുകളുണ്ട്. തൊഴിലാളി നേതാക്കന്മാരുണ്ട്. ഉദ്യോഗസ്ഥന്മാരുണ്ട്. ഇവരെല്ലാപേരും ചേർന്നുകൊണ്ട് നടത്തുന്ന പണത്തിന്റെ വലിയൊരു കൊള്ള അവസാനിപ്പിക്കുന്നതിന് തൊഴിൽവകുപ്പ് നടപടിയെടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. സമഗ്രമായ തൊഴിൽനയം രൂപീകരിക്കുവാനും ഈ രംഗത്ത് മാതൃകാപരമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നതിനും അങ്ങയുടെ നേതൃത്വത്തിൽ

നടപടിയുണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. പ്രവാസികളുടെ കാര്യത്തിലും എനിക്ക് സൂചിപ്പിക്കാനുള്ളത് അവരുടെ ഇൻവെസ്റ്റ്മെന്റ് നമ്മുടെ വികസനത്തിനായി ഉപയോഗിക്കുന്നതിന് ഇപ്പോൾ യാതൊരു വിധ നടപടികളുമില്ല. അത് ഫലപ്രദമായി ഉപയോഗിക്കുന്നതിന് വേണ്ടി നടപടികൾ സ്വീകരിക്കണം. ഇല്ലെങ്കിൽ ഈ പണം ഒന്നും തന്നെ നമ്മുടെ നാട്ടിലെ ഒരു കാര്യത്തിനും ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടെന്നുള്ള കാര്യം ഈ അവസരത്തിൽ പ്രവാസികാര്യമന്ത്രിയെ ഞാൻ ഓർമ്മിപ്പിക്കുകയാണ്. പ്രവാസികളുടെ ക്ഷേമമെന്ന് പറയുമ്പോൾ പ്രധാനമായും അവരുടെ യാത്ര, വിമാനകമ്പനികൾ അവരെ ചൂഷണം ചെയ്യുന്നത്, ഗൾഫ് നാടുകളിൽ നമ്മുടെ എമ്പസികളിൽ നിന്നുള്ള തെറ്റായ തീരുമാനങ്ങളും ധാർഷ്ട്യത്തോടുകൂടിയുള്ള പെരുമാറ്റവും അവസാനിപ്പിക്കുന്നതിനു വേണ്ടിയുള്ള ഒരു നടപടി കൂടി അങ്ങ് കൈകൊള്ളണമെന്നാണ് എനിക്ക് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്. സഹകരണ മേഖലയിൽ നല്ല നിലയിൽ മുന്നോട്ടുപോകുവാൻ സഹകരണ വകുപ്പുമന്ത്രിയെന്നുള്ള നിലയിൽ അങ്ങേയ്ക്ക് കഴിയുന്നുണ്ടെന്നുള്ളത് ഞാൻ പ്രത്യേമായി സൂചിപ്പിക്കുന്നു. വലിയ തോതിൽ, വലിയ രാഷ്ട്രീയമായി വിവാദങ്ങളുണ്ടാകുന്ന തരത്തിൽ സഹകരണ മേഖലയിലെ ചർച്ചകൾ കഴിഞ്ഞ കാലങ്ങളിലൊക്കെ നിയമസഭയിൽ ഉണ്ടായിട്ടുണ്ട്. പക്ഷേ ഇവിടെ ഇന്ന് അത്തരത്തിലുള്ള ഒരു വിവാദവും ഈ സഹകരണ വകുപ്പിനെ സംബന്ധിച്ച് ഉണ്ടായില്ലായെന്നുളളത് അങ്ങയുടെ പ്രവർത്തനത്തിനുള്ള ഒരു അംഗീകാരമായി ഞാൻ കാണുകയാണ്. ഇവിടെ ശ്രീ.കെ. രാജുവും ശ്രീ. ജി. സുധാകരനും പറഞ്ഞത്? സഹകരണ മേഖലയെ, ജില്ലാബാങ്കുകളുടെ ഭരണസമിതിയെ കഴുത്ത്ഞെരിച്ച് കൊന്നുവെന്നാണ് പറയുന്നത്. കഴിഞ്ഞ എൽ.ഡി.എഫ്.

സർക്കാരിന്റെ ഭരണക്കാലത്ത് ശ്രീ. ജി. സുധാകരൻ മന്ത്രിയായിരിക്കുമ്പോൾ സഹകരണ മേഖലയിലെ മുഴുവൻ സ്ഥാപനങ്ങളും മാർക്കറ്റിംഗ് ഫെഡറേഷൻ, മാർക്കറ്റിംഗ് സംഘങ്ങൾ, റബ്ബർ മാർക്കറ്റിംഗ് സംഘങ്ങൾ, ഹൗസിംഗ് സംഘങ്ങൾ, കാർഷിക വികസന ബാങ്കുകൾ ഇവയുടെ എല്ലാം കുടക്കീഴിൽ എന്നുള്ള നിലയിലാണ് ജില്ലാ സഹകരണ ബാങ്കുകൾ പ്രവർത്തിച്ചിരുന്നത്. എൽ.ഡി.എഫ്. ആ ബാങ്കുകൾ പിടിച്ചടക്കുന്നതിനുവേണ്ടി ബോധപൂർവ്വമായി ഈ സംഘങ്ങളെ മുഴുവൻ അംഗത്വത്തിൽ നിന്ന് ഒഴിവാക്കിയ നടപടി പുന:സ്ഥാപിക്കുക മാത്രമാണ് ചെയ്തത്. അതിനെ എങ്ങനെ ഒരു ജനാധിപത്യവിരുദ്ധമായ ഒരു നടപടിയായി കാണാൻ കഴിയും? മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾക്ക് ജില്ലാ സഹകരണ ബാങ്കുകളിൽനിന്ന് വായ്പ വേണ്ടേ? ജില്ലാ സഹകരണ ബാങ്കുകളുമായി പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകണ്ടേ? അപ്പോൾ അവർക്ക് വോട്ടവകാശം നൽകുന്നതിൽ എന്താണ് തെറ്റ്? നമ്മുടെ നാട്ടിലെ സഹകരണ സ്ഥാപനങ്ങൾ മുഴുവൻ ജില്ലാ സഹകരണ ബാങ്കിൽ അംഗങ്ങളാക്കേണ്ടത് അത്യാവശ്യമാണ്. ഈ സഹകരണ സ്ഥാപനങ്ങൾ ബോധപൂർവ്വമായി ജില്ലാസഹകരണബാങ്കിന്റെ വോട്ടിംഗ് റൈറ്റിൽനിന്ന് ഒഴിവാക്കിയ നടപടി പുന:സ്ഥാപിക്കുകയാണ് അങ്ങ് ചെയ്തത്. അത് തീർച്ചയായും ന്യായമായൊരു കാര്യം തന്നെയാണെന്ന് പറയാതിരിക്കാൻ നിവൃത്തിയില്ല. മറ്റൊരു കാര്യംകൂടി ശ്രീ. ജി. സുധാകരൻ സൂചിപ്പിച്ചു. കാർഷിക വികസന ബാങ്കുകളുടെ ഭരണസമിതികൾ പിരിച്ചുവിട്ടുവെന്നാണ് അദ്ദേഹം പറഞ്ഞത്. എന്താണുണ്ടായത്? ഒരു താലൂക്കിന് ഒരു കാർഷിക വികസന ബാങ്ക് എന്ന ഭേദഗതി 2000-ൽ കൊണ്ടുവന്നതാണ്. പക്ഷേ 2000-നുശേഷം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് യാതൊരുവിധമായ മാനദണ്ഡങ്ങളുമില്ലാതെ നബാർഡിന്റെ തീരുമാനത്തിന്

വിരുദ്ധമായി ഒരു കാർഷിക വികസന ബാങ്കിന്റെ ഏരിയയിൽതന്നെ പുതിയ തായി മറ്റൊരു കാർഷിക വികസന ബാങ്കിന് അഫിലിയേഷൻ കൊടുത്തു കൊണ്ട് പാരന്റ് ബാങ്കിലെ അംഗങ്ങൾക്ക് പുതിയ ബാങ്കിൽ അംഗത്വമെടുക്കാനും വായ്പയെടുക്കാനും കഴിയുന്നില്ല. അലൈേ മിറ ഹശമയശഹശശേലെ യശളൗൃരമലേ ചെയ്ത് മാത്രമേ ഇതുണ്ടാക്കാൻ കഴിയൂയെന്ന് നബാർഡ് പറഞ്ഞിട്ടുണ്ട്. ആ നബാർഡിന്റെ വാദങ്ങൾപോലും മാനിക്കാതെ സംസ്ഥാന കാർഷിക വികസന ബാങ്കിനെ പിടിച്ചടക്കുന്നതിനു വേണ്ടി തെറ്റായി അഫിലിയേഷൻ കൊടുത്തത് തിരുത്തുകയാണ് അങ്ങ് ചെയ്തത്. നിയമപരമായി മലൈേ മിറ ഹശമയശഹശശേലെ യശളൗൃരമലേ ചെയ്ത് താലൂക്കടിസ്ഥാനത്തിൽ ബാങ്കുകളുണ്ടാക്കുന്നതിന് നിയമം കൊണ്ടുവന്നു. ആ നിയമം ശരിയാണെന്ന് നിയമത്തെ ചോദ്യം ചെയ്ത് ഹൈക്കോടതിയിൽ ഫയൽ ചെയ്ത മുഴുവൻ പെറ്റിഷൻസും തള്ളി യതുവഴി അങ്ങെടുത്ത നടപടി ശരിയാണെന്ന് കണ്ടെത്തിരിക്കുകയാണ്. ഇവിടെ നമ്മൾ ഒരു കാര്യം മനസ്സിലാക്കണം. എന്താണിപ്പോൾ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ സ്ഥിതി? സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് ഭീമമായ നഷ്ടത്തിലാണ് കഴിഞ്ഞകാലത്ത് പ്രവർത്തിച്ചതെന്നുള്ള യാഥാർത്ഥ്യം എന്തിനാണ് നമ്മൾ മറച്ചുവയ്ക്കുന്നത്. ടലരശേീ 11 പ്രകാരമുള്ള നോട്ടീസ് ആർ.ബി.ഐ ഈ സ്ഥാപനത്തിന് കൊടുത്തിരിക്കുകയാണ്. ആർ.ബി.ഐ-യുടെ ടലരശേീ 6 വയലേറ്റ് ചെയ്തിരിക്കുന്നു. അതുകൊണ്ടുതന്നെ ടലരശേീ 11 പ്രകാരമുള്ള നോട്ടീസ് കൊടുത്തിരിക്കുന്നു. ബാങ്കിംഗ് ലൈസൻസ് റദ്ദാക്കാതിരിക്കാൻ കാരണമുണ്ടോയെന്ന് ചോദിച്ചിരിക്കുകയാണ്. അതുകൊണ്ട് മാത്രം ഇവിടെ നബാർഡ് വായ്പ കൊടുക്കുന്നില്ല. നബാർഡ് വായ്പ കൊടുക്കാത്തതുകൊണ്ട് കാർഷിക മേഖലയിൽ വായ്പ

കൊടുക്കാൻ കഴിയുന്നില്ല. സീ-മാറ്റ് എന്ന സ്ഥാപനത്തെക്കുറിച്ച് അദ്ദേഹമിവിടെ സൂചിപ്പിച്ചു. ആമിസശിഴ ഞലഴൗഹമശേീ അരമ പ്രകാരം പ്രവർത്തിക്കുന്ന ഒരു ബാങ്കിന് മറ്റൊരു വിദ്യാഭ്യാസ സ്ഥാപനം നടത്താൻ എന്തധികാരമാണുള്ളത്? ഒരധികാരവുമില്ലെന്ന് മാത്രമല്ല ഇല്ലാത്ത അധികാരമുപയോഗിച്ച് സീ-മാറ്റ് എന്ന ഒരു വിദ്യാഭ്യാസ സ്ഥാപനം ഈ ബാങ്കിലെ റിസർവ് ഫണ്ടുപയോഗിച്ച് സ്ഥാപിക്കുകയാണുണ്ടായത്. സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്ന് അഞ്ചര ലക്ഷം രൂപയാണ് ഒരു മാസത്തെ ശമ്പളം മാത്രമായി ആ സ്ഥാപനത്തിന് കൊടുക്കുന്നത്. സി-മാറ്റിന്റെ ഇതുവരെയുള്ള നഷ്ടം 6 കോടി രൂപയിൽ കവിഞ്ഞിരിക്കുന്നു. നിങ്ങൾക്കിതിനധികാരമില്ലെന്ന് റിസർവ് ബാങ്ക് പറഞ്ഞിട്ടുണ്ട്. ആമിസശിഴ ഞലഴൗഹമശേീ അരമ ന്റെ പരിധിയിൽപ്പെടുന്ന ഒരു സ്ഥാപനത്തിന് ഇത്തരമൊരു സ്ഥാപനം നടത്താൻ അവകാശമില്ല. അതുകൊണ്ടാണ് ലൈസൻസ് റദ്ദാകാതിരിക്കാൻ കാരണമുണ്ടോയെന്ന് കാണിച്ച് നോട്ടീസ് കൊടുത്തിരിക്കുന്നത്. നമുക്ക് ഇഅജജ്ജ പോലുള്ള സ്ഥാപനമുണ്ടെന്നിരിക്കെ, അവരെക്കൊണ്ട് വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്താമെന്നിരിക്കെ, സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് പണം മുടക്കി, സീ-മാറ്റ് എന്ന സ്ഥാപനം എന്തിനുവേണ്ടിയാണ് സ്ഥാപിച്ചത്. സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ ഇപ്പോഴത്തെ സ്ഥിതിയെന്താണ്? ഷെയർ ക്യാപിറ്റലും റിസർവും കൂടുന്നതിനെക്കാൾ കൂടിയ തരത്തിൽ നഷ്ടം വന്നുകഴിഞ്ഞാൽ ഏത് സ്ഥാപനത്തിനും ആമിസശിഴ ഞലഴൗഹമശേീ അരമന്റെ അടിസ്ഥാനത്തിൽ ലൈസൻസ് റദ്ദാകും. ലൈസൻസ് റദ്ദാകുന്നതിന്റെ വക്കിലാണ് ഇന്ന് സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് എത്തി നിൽക്കുന്നതെന്ന യാഥാർത്ഥ്യം അങ്ങ് മനസ്സിലാക്കണം. 370 കോടി രൂപയാണ് സ്ഥാപനങ്ങളുടെതന്നെ പണം കിട്ടാക്കടമായിട്ടുള്ളത്. 370 കോടി രൂപയിൽ 110 കോടി

രൂപ റബ്കോ-യുടേതാണ്. ഈ സ്ഥാപനം എങ്ങനെ മുന്നോട്ടുപോകും. ഇവിടെ ഒരുപാട് നിക്ഷേപം വാങ്ങിയെന്നുപറഞ്ഞു. ശരിയാണ്. അങ്ങ് നിക്ഷേപം വാങ്ങി. പക്ഷേ വാങ്ങിയ നിക്ഷേപം കുറഞ്ഞ പലിശയ്ക്കാണ് മറ്റ് ബാങ്കുകളിൽ നിക്ഷേപിച്ചിരിക്കുന്നത്. ആ നിക്ഷേപം ഇന്നൊരു വലിയ ഭാര മായി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന് മാറിയിരിക്കുന്നു. ഒരു തരത്തിലും ലാഭത്തിലേയ്ക്ക് പോകാൻ കഴിയാത്ത തരത്തിൽ ഊരാകുടുക്കിൽ നമ്മുടെ സംസ്ഥാന സഹകരണ ബാങ്ക് എത്തിയിരിക്കുന്നു എന്ന യാഥാർത്ഥ്യം അങ്ങ് മനസ്സിലാക്കണം. അതുകൊണ്ട് എന്താണ് കുഴപ്പം? നബാർഡിന്റെ വായ്പ കിട്ടുന്നില്ല. നബാർഡിന്റെ വായ്പ ലഭിക്കാത്ത സ്റ്റേറ്റ് കോ-ഓപ്പറേ റ്റീവ് ബാങ്ക് നമ്മുടെ സംസ്ഥാനത്തുള്ളതുകൊണ്ട് ജില്ലാ സഹകരണ ബാങ്കിൽ നബാർഡിന്റെ വായ്പ കൊടുക്കാൻ കഴിയുന്നില്ല. കൃഷിക്കാർ നട്ടം തിരിയുകയാണ്. 4 ശതമാനം പലിശയ്ക്ക് കൊടുക്കേണ്ട വായ്പ നബാർഡ് ഇവിടെ നൽകാൻ നിവൃത്തിയില്ലാത്ത സാഹചര്യമുണ്ടായതെ ങ്ങനെ എന്നതിനെക്കുറിച്ച് ഒരന്വേഷണം അങ്ങ് നടത്തണം. ഇത് പരിഹരിക്കാൻ അങ്ങേയ്ക്ക് കഴിയുമോ? ഇത് വളരെ ഗുരുതരമായ പ്രശ്നമാണ്. എല്ലാം ഭംഗിയാണെന്ന് പറഞ്ഞ് മുന്നോട്ടുപോകാൻ കഴിയു മോ. കൺസ്യൂമർ ഫെഡറേഷൻ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നല്ല നിലയിൽ മുന്നോട്ടുവന്നുവെന്നത് സമ്മതിക്കുന്നു.. ആ സ്ഥാപനത്തെ വീണ്ടും മുന്നോട്ടുകൊണ്ടുപോകാൻ അങ്ങെടുത്ത നടപടികൾ ഫലപ്രദമാ ണെന്ന് പറയാതിരിക്കാൻ നിവൃത്തിയില്ല. □നന്മ□ സ്റ്റോറുകൾ ഓരോ വില്ലേജിലും ഗ്രാമഗ്രാമാന്തരങ്ങളിലും സ്ഥാപിച്ചുകൊണ്ട് അതിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമായി മുന്നോട്ടുകൊണ്ടുപോകാൻ അങ്ങേയ്ക്ക് കഴിയണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. 5 ശതമാനം

പലിശ സബ്സിഡി ഗവൺമെന്റ് പ്രഖ്യാപിച്ചുവെങ്കിലും ഇതുവരെ ശരിയായ രീതിയിൽ ഇംപ്ലിമെന്റ് ചെയ്തിട്ടുണ്ടോ? കൃത്യമായി വായ്പ തിരിച്ചട യ്ക്കുന്ന ആളുകൾക്ക് പലിശ സബ്സിഡി പ്രഖ്യാപിച്ചെങ്കിൽപ്പോലും അത് ഫലപ്രദമായി ഇതിനകംതന്നെ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല, അത് അടിയന്ത രമായി നടപ്പിലാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. നമ്മുടെ സർവ്വീസ് സഹകരണ ബാങ്കുകളെക്കുറിച്ച് ഒരുപാട് ഖ്യാതി നടിക്കാറുണ്ട്. പക്ഷേ പല സർവ്വീസ് സഹകരണ ബാങ്കുകളും നിക്ഷേപങ്ങൾ വാങ്ങിയിട്ട് തിരിച്ചുകൊ ടുക്കാത്ത സാഹചര്യങ്ങളുണ്ടായിട്ടുണ്ട്. ഏകദേശം 32 കോടിയോളം രൂപ അങ്ങനെ തിരിച്ചുകൊടുക്കാൻ കഴിയുന്നില്ല. അതുകൊണ്ട് അങ്ങ് ഒരു ഡെപ്പോസിറ്റ് ഇൻഷ്വറൻസ് സ്കീമുണ്ടാക്കണം. കഴിഞ്ഞ കാലങ്ങളിൽ സർവ്വീസ് സഹകരണ ബാങ്കുകളുടെ കെടുകാര്യസ്ഥതമൂലം ഏതെങ്കിലും ഡെപ്പോസിറ്ററുടെ പണം മടക്കിക്കൊടുക്കാൻ കഴിയുന്നില്ലെങ്കിൽ അത് അടിയന്തരമായി മടക്കിക്കൊടുക്കുന്നതിന് ജില്ലാ സഹകരണ ബാങ്കുകളും ഗവൺമെന്റും ഡിപ്പാർട്ടുമെന്റുംകൂടി ചേർന്ന് ഒരു പാക്കേജുണ്ടാക്കണമെ ന്നാണ് എനിക്ക് അക്കാര്യത്തെക്കുറിച്ച് സൂചിപ്പിക്കാനുള്ളത്. ക്ഷീര സംഘ ങ്ങൾ ഫലപ്രദമായി നല്ല രീതിയിൽ മുന്നോട്ടു കൊണ്ടുവരുന്നതിനും അവിടെ 25,000/- രൂപ വരെ സബ്സിഡി ഏർപ്പെടുത്തുന്നതിനും അങ്ങെ ടുത്ത നടപി ശ്ലാഘനീയമാണ്. 111-ാം ഭരണഘടന ഭേദഗതി ബില്ലിനെക്കുറിച്ച് ശ്രീ. ജി. സുധാകരനെപ്പോലെയുള്ളവർക്ക് എങ്ങനെ വിമർശിക്കാൻ കഴി യും. ഇന്ത്യയിൽ ഭരണഘടനയിൽ ആദ്യമായിട്ടാണ് 111-ാം ഭരണഘടന ഭേദഗതി ബില്ലായി സഹകരണമേഖല കടന്നുവരുന്നത്. ആ ഭരണഘടന ഭേദ ഗതി ബിൽ പാസ്സായതോടുകൂടി ഒരു സഹകരണസംഘം രജിസ്റ്റർ ചെയ്യുക യെന്നുള്ളത് ഒരാളിന്റെ മൗലികാവകാശമാക്കി മാറ്റി. അതെങ്ങനെയാണ്

സഹകരണ മേഖലയ്ക്ക് ദുര്യോഗമാകുന്നത്? എങ്ങനെയാണതിനെ എതിർക്കാൻ കഴിയുക? വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ടിനെക്കുറിച്ച് അങ്ങ് സൂചിപ്പിച്ചു. വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ട് കേരളവും ഹിമാചൽ പ്രദേശു മൊഴികെ ബാക്കിയെല്ലാവരും നടപ്പിലാക്കി കാശും വാങ്ങി പോയി. വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കുന്നതിനുള്ള കാലാവധി അവ സാനിച്ചു. ഇവിടെയിപ്പോഴും വൈദ്യനാഥനെ ആക്ഷേപിച്ചുകൊണ്ടുള്ള പ്രസംഗങ്ങൾ ഘോരഘോരം നടക്കുകയാണ്. ഈ കാശ് വാങ്ങിക്കൊണ്ട് പോയ ഒരു സംസ്ഥാനത്തും ഒരാളിനോ സഹകരണ മേഖലയ്ക്കോ ഒരു ദോഷവുമുണ്ടായില്ല. പക്ഷേ നമ്മൾ ആദർശപരമായി അത് വാങ്ങിയില്ല എന്ന് ഖ്യാതി നടിച്ചുകൊണ്ട് പിന്നെയും പോവുകയാണ്. അതുകൊണ്ട് ഫല പ്രദമായി സഹകരണ മേഖലയെ നയിച്ചുകൊണ്ട് അങ്ങ് മുന്നോട്ടുപോകണ മെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ആറന്മുള എഞ്ചിനീയറിംഗ് കോളേ ജിന്റെ കാര്യം അദ്ദേഹം സൂചിപ്പിച്ചു. അടുത്ത വർഷം തന്നെ അവിടെ പഠനം തുടങ്ങുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇന്ന് പത്രത്തിൽ ഒരു വാർത്തയുണ്ട്. സി.പി.ഐ.(എം) പ്രതികളെ ഒളിപ്പിച്ചാൽ പട്ടാളത്തിനുപോലും അവരെ കണ്ടെത്താനാവി ല്ലെന്നാണ്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞിരിക്കുന്നത്. അങ്ങനെ പറഞ്ഞതിനുശേഷം ശ്രീ. കുഞ്ഞനന്തനെ ഒളിപ്പിച്ചത് തെളിവായി ചൂണ്ടിക്കാ ട്ടുന്നുവെന്ന് അദ്ദേഹം പറഞ്ഞിരിക്കുന്നു. കുഞ്ഞനന്തനെയും കാരായിമാ രേയും ഒളിപ്പിച്ചതിന്റെ ഉത്തരവാദിത്തം ഏറ്റെടുത്ത ശ്രീ കോടിയേരി ബാലകൃഷ്ണൻ, പോളിറ്റ് ബ്യൂറോ മെമ്പർ, ഇനിയും സി.പി.ഐ.(എം.)-ന് ഈ കൊലപാതകത്തിൽ ഉത്തരവാദിത്വമില്ലെന്ന് പറഞ്ഞ്, ഉത്തരവാദിത്വ ത്തിൽ നിന്ന് ഒഴിയാൻ ശ്രമിക്കരുതെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ശ്രീ. കുഞ്ഞനന്തനെ ഒളിപ്പിച്ചത് ഞങ്ങളാണെന്ന് അദ്ദേഹം വളരെ ബോധപൂർവ്വമായി പറഞ്ഞ്, ആ ഉത്തരവാദിത്വം ഏറ്റെടുത്തിരിക്കുന്നു. കാരായിമാരെ രക്ഷപ്പെടുത്താനും കൊടി സുനിയെ ഫസൽ വധക്കേ സിൽനിന്നും രക്ഷിക്കുന്നതിനും ശ്രീ. കോടിയേരി ബാലകൃഷ്ണൻ ആഭ്യ ന്തര വകുപ്പുമന്ത്രിയായിരുന്ന കാലത്ത് പരിശ്രമിച്ചുവെന്നുള്ളത് സി.ബി. ഐ.-യുടെ ചാർജ് ഷീറ്റിൽ നിന്നും വളരെ വ്യക്തമാണ്. ഇവിടെ കാരായി രാജന്മാരേയും അതുപോലുള്ള കൊലപ്പുള്ളികളേയും കാണാൻ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതാക്കന്മാർ ജയിലുകൾ സന്ദർശി ച്ചുകൊണ്ടിരിക്കുകയാണ്. തങ്ങളുടെ പേരുകൾ പറയരുതെന്ന് പറയാ നാണോ എന്നതിനെക്കുറിച്ച് അവർ വ്യക്തമാക്കേണ്ടതാണ്. അതുകൊണ്ട് എനിക്ക് സൂചിപ്പിക്കാനുള്ളത്, ഈ ഉത്തരവാദിത്വത്തിൽനിന്നും ഇനിയും ഒഴിയാൻ സി.പി.ഐ.(എം.) -ന്റെ നേതാക്കന്മാർക്ക് വൃഥാ മെനക്കെടരു തെന്ന് കൂടി പറഞ്ഞുകൊണ്ട്............

<u>ശ്രീ. ജി. സുധാകരൻ</u>: സർ, പോയിന്റ് ഓഫ് ഓർഡർ. ഇപ്പോൾ പറഞ്ഞത് റോംഗ് സ്റ്റേറ്റ്മെന്റാണ്. സി.ബി.ഐ. കോടതിയിൽ കൊടുത്ത കുറ്റപത്രം ഈ സഭയിൽ ആരും കണ്ടിട്ടില്ല. പത്രങ്ങളിലൂടെ എല്ലാവരും വായിച്ചു. അതിൽ ഒരിടത്തും ശ്രീ. കോടിയേരി ബാലകൃഷ്ണൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്നപ്പോൾ എന്തെങ്കിലും സഹായം ചെയ്തെന്ന് ഒരു വാചകം ഒരു പത്രവും റിപ്പോർട്ട് ചെയ്തിട്ടില്ല. അങ്ങത് പിൻവലിക്കണം. ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ പേരിലില്ല.

<u>ശ്രീ. കെ. ശിവദാസൻ നായർ</u> : ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ പോലീസ് സി.ബി.ഐ. അന്വേഷണം ഉണ്ടാകാതിരിക്കാൻ എന്തുമാത്രം പാടു പെട്ടു. സുപ്രീംകോടതി വരെ പോയത് എന്തിനായിരുന്നു, ആരെ സംരക്ഷി

ക്കാനായിരുന്നുവെന്നുള്ളതാണ് എന്റെ ചോദ്യം. ഞാൻ പറഞ്ഞതാണ് സത്യമെന്ന് കേരളത്തിലെ മുഴുവൻ ആളുകൾക്കും അങ്ങേയ്ക്കും അറിയാം.

മി. ചെയർമാൻ. : പ്ലീസ്.......

ശ്രീ. കെ. ശിവദാസൻ നായർ : അതുകൊണ്ട് ഞാൻ അക്കാര്യത്തെക്കുറിച്ച് കൂടുതൽ സംസാരിക്കുന്നില്ല. ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു.

ശ്രീ. പി. കെ. ഗുരുദാസൻ : സർ, ഈ ധനാഭ്യർത്ഥനകളെ എനിക്ക് അനുകൂലിക്കാൻ കഴിയുന്നില്ല. പൊതുവിൽ തൊഴിലാളികളുടെ പ്രശ്നങ്ങളാണ് ഇവിടെ പറയാൻ ആഗ്രഹിക്കുന്നത്. ഇക്കഴിഞ്ഞ 44-ാമത് ഇൻഡ്യൻ ലേബർ കോൺഫറൻസിന്റെ മിനിട്ട്സുകൾ ഞാൻ പരിശോധിക്കുകയുണ്ടായി. ആ സമ്മേളനം ഉദ്ഘാടനം ചെയ്തത് ബഹുമാനപ്പെട്ട പ്രധാനമന്ത്രിയാണ്. ആ സമ്മേളനത്തിലെ അജണ്ട രാജ്യത്താകെയുള്ള തൊഴിലാളികളുടെ മിനിമം വേജസ്സ്, സാമൂഹ്യക്ഷേമ പദ്ധതികൾ, എംപ്ലോയ്മെന്റ് ആന്റ് എംപ്ലോയ്ബിലിറ്റി എന്നീ മൂന്ന് വിഷയങ്ങളായിരുന്നു. പക്ഷേ, ഉദ്ഘാടനം ചെയ്ത ബഹുമാനപ്പെട്ട പ്രധാനമന്ത്രി അതിനെപ്പറ്റി ഒരക്ഷരംപോലും പറഞ്ഞിട്ടില്ല. അദ്ദേഹം ആകെ പറഞ്ഞ ഒരു കാര്യം, നമ്മുടെ രാജ്യത്തെ റിസോഴ്സസ് വർദ്ധിപ്പിക്കണമെന്ന് മാത്രമാണ്. നമ്മുടെ രാജ്യത്തെ തൊഴിൽ നിയമങ്ങളെല്ലാം ഫ്ളക്സിബിൾ ആക്കണം, ലഘൂകരിക്കണമെന്ന് അദ്ദേഹം പറഞ്ഞു. ശരിക്കും പറഞ്ഞാൽ അവിടെയുണ്ടായിരുന്ന വ്യവസായിക പ്രമുഖന്മാരുടെ സംഘടനാനോതാക്കന്മാരെ സന്തോഷിപ്പിക്കാൻ വേണ്ടിയാണ് അദ്ദേഹം പ്രസംഗിച്ചത്. Violation of labour laws ആണ് അവിടെ നടത്തുന്നത്. അതിന് അദ്ദേഹം കൂട്ടു

നിൽക്കുകയാണ് ചെയ്തത്. ശ്രീ. ഷിബു ബേബി ജോൺ ആ യോഗത്തിൽ പങ്കെടുത്തതാണ്. അദ്ദേഹത്തിന്റെ പ്രസംഗവും ഞാൻ വായിക്കുകയുണ്ടായി. ഇപ്രകാരം സ്വകാര്യ മുതലാളിമാരെ സഹായിക്കുന്ന പ്രധാനമന്ത്രി അവിടെ റിസോഴ്സസ് വർദ്ധിപ്പിക്കണമെന്ന് പറയുമ്പോൾ സ്ത്രീകളുടെ അദ്ധ്വാനം പരമാവധി നമ്മുടെ രാഷ്ട്രത്തിന് ലഭ്യമാക്കുകയും ചെയ്യണമെന്ന് പറയുന്നുണ്ട്. അപ്രകാരം സ്ത്രീകളുടെ അദ്ധ്വാനം ലഭ്യമാക്കണമെന്ന് പറയുന്ന പ്രധാനമന്ത്രി തുല്യജോലിക്ക് തുല്യവേതനം എന്ന വിഷയം മിണ്ടാനേ തയ്യാറായിട്ടില്ല. അങ്ങനെ രാജ്യത്ത് ഏറ്റവും വലിയ ത്രികക്ഷി സംവിധാനം ഒരു പ്രയോജനവും ഇല്ലാത്ത രീതിയിൽ അധ:പതിക്കുകയാണ് ചെയ്യുന്നത്. 43-ാമത് ഇൻഡ്യൻ ലേബർ കോൺഫറൻസിന്റെ അന്നത്തെ സ്റ്റാൻഡിംഗ് കമ്മിറ്റിയിലും ലേബർ കോൺഫറൻസിലും പങ്കെടുത്ത ആളാണ് ഞാൻ. അന്നൊരു തീരുമാനമെടുത്തിരുന്നു. നമ്മുടെ രാജ്യത്ത്, അസംഘടിത വ്യവസായ സ്ഥാപനങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളി കളിൽ 32 ശതമാനം തൊഴിലാളികൾ കോൺട്രാക്റ്റ് വർക്കേഴ്സാണ്. ഒരു വ്യവസായ സ്ഥാപനത്തിൽ പണിയെടുക്കുന്ന കോൺട്രാക്റ്റ് വർക്കേഴ്സ് ഒരേ സ്വഭാവമുള്ള തൊഴിലിൽ പണിയെടുത്ത് തുല്യ ജോലി ചെയ്യുമ്പോൾ അതിന് തുല്യവേതനം കൊടുക്കണമെന്ന തീരുമാനം 43-ാമത് ഇൻഡ്യൻ ലേബർ കോൺഫറൻസ് അന്നത്തെ സ്റ്റാൻഡിംഗ് കമ്മിറ്റിയും ഐ.എൽ.സി. മീറ്റിംഗും എടുത്തിരുന്നു. ആ യോഗം അപ്രകാരം ഒരു തീരുമാനം എടുത്ത ശേഷം കോൺട്രാക്റ്റ് വർക്കേഴ്സ് റഗുലേഷൻ അബോളിഷ്മെന്റ് ആക്ട്-1970, അതിനനുസൃതമായി ഭേദഗതി ചെയ്യണമെന്ന ആവശ്യവും ഉന്ന യിച്ചതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര തൊഴിൽകാര്യ വകുപ്പുമന്ത്രി ശ്രീ. മല്ലികാർജ്ജുന ഗാഡ്ഗരി ഇപ്രകാരം ഒരു നോട്ട് കേന്ദ്ര ഗവൺമെന്റിന്

കൊടുത്തിട്ട് പ്രധാനമന്ത്രിയും ക്യാബിനറ്റും ആ പ്രശ്നം ഇതുവരെ പരിഗണിച്ചിട്ടില്ല, അത് പരിഗണിക്കണമെന്നുള്ള ആവശ്യം ഇൻഡ്യയിലെ തൊഴിലാളികളുടെ പ്രധാനപ്പെട്ട ആവശ്യമാണ്. എല്ലാ തൊഴിലാളികൾക്കും ഏറ്റവും കുറഞ്ഞത് 10,000 രൂപ മിനിമം വേജസും ഡി.എ.-യും ലഭിക്കണ മെന്നുള്ളതും അതുപോലെ കോൺട്രാക്റ്റ് വർക്കേഴ്സിന് തുല്യജോലിക്ക് തുല്യവേതനം എന്നുള്ള ആവശ്യവും ഈ രാജ്യത്തെ തൊഴിലാളി വർഗ്ഗത്തിന് ഏറ്റവും പ്രധാനപ്പെട്ട ആവശ്യമാണ്. അതുപോലെ സോഷ്യൽ സെക്യൂരിറ്റി എന്നത് ഇന്ന് കേന്ദ്ര ഗവൺമെന്റ് നിരാകരിച്ചിരിക്കുകയാണ്. ഈ രാജ്യത്ത് 93 ശതമാനം, അതായത് 42.5 കോടി തൊഴിലാളികൾ അസംഘടിത മേഖലയിൽ പണിയെടുക്കുന്നവരാണ്. അവർ നമ്മുടെ രാജ്യത്തിന്റെ ജി.ഡി.പി. (ആഭ്യന്തര മൊത്ത ഉൽപ്പാദനത്തിന്റെ) യുടെ 60 ശതമാനം നേടിത്തരുന്നവരാണ്. അപ്രകാരം 60 ശതമാനം ജി.ഡി.പി. നേടിത്തരുന്ന അസംഘടിത മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളി കൾക്ക് വേണ്ടി ശ്രീ. ഓസ്ക്കാർ ഫെർണാണ്ടസ് തൊഴിൽകാര്യ വകുപ്പുമ ന്ത്രിയായിരുന്ന സമയത്ത് കേന്ദ്ര ഗവൺമെന്റ് 2008-ൽ ഒരു നിയമം പാസ്സാ ക്കി. ആ നിയമം ഇതുവരെ നടപ്പിലാക്കിയിട്ടില്ല. കേരളത്തിലും രാജ്യത്തെല്ലാം അതിന് ബോർഡുണ്ടാക്കിയിട്ടുണ്ട്. പക്ഷേ, ഒരു പൈസ സംസ്ഥാന ഗവൺമെന്റുകൾക്ക് കൊടുത്തിട്ടില്ല. കേന്ദ്ര ഗവൺമെന്റാകട്ടെ, കഴിഞ്ഞ സാമ്പത്തിക വർഷം 2011-12-ൽ 42.5 കോടിയോളം വരുന്ന അസംഘടിത മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് വേണ്ടി കൊടുത്തത് 4,333 കോടി രൂപ മാത്രമാണ്. ജി.ഡി.പി. യുടെ 60 ശതമാനം നേടിത്തരുന്നത് തൊഴിലാളികളാണ്. അതുകൊണ്ട് മിനിമം വേജസ്

തുല്യവും, തുല്യ ജോലിക്ക് തുല്യ വേതനവും അൺ ഓർഗനൈസ്ഡ് വർക്കേഴ്സിന്റെ സാമൂഹ്യക്ഷേമ പദ്ധതികളും ഇൻഡ്യയിലെ തൊഴിലാളി വർഗ്ഗത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും സുപ്രധാനങ്ങളായിട്ടുള്ള വിഷയങ്ങളാണെന്നുള്ള കാര്യങ്ങൾ ഞാൻ ഈ സഭയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്. ഇ.പി.എഫ്. പെൻഷന്റെ കാര്യത്തിൽ, കേരളത്തിൽ 7-8 ലക്ഷം തൊഴിലാളികളുണ്ട്. രാജ്യത്താകെ കോടിക്കണക്കിന് തൊഴിലാളി കൾ ഇതിൽ അംഗങ്ങളാണ്. ഇ.പി. എഫ്. പെൻഷൻ 3 രൂപ, 5 രൂപ, 50 രൂപ ഇങ്ങനെയൊക്കെയാണ് കൊടുക്കുന്നത്. അപൂർവ്വം ചില തൊഴിലാളി കൾക്ക് മാത്രമാണ് അതിനേക്കാൾ വർദ്ധിച്ച തുക കൊടുക്കുന്നത്. ഇ.പി. എഫ്.-ന്റെ പലിശ ഒരു ശതമാനം കുറച്ച് 9.5 ശതമാനമാക്കിയിരിക്കുകയാണ്. 13 പ്രാവശ്യം റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ പലിശ വർദ്ധിപ്പിച്ചപ്പോൾ പാവ പ്പെട്ട തൊഴിലാളികളുടെ ഇ.പി.എഫ്. -ന്റെ പലിശ ഒരു ശതമാനം കുറച്ച് 8.5 ശതമാനമാക്കിയിരിക്കുകയാണ്. അപ്രകാരമുള്ള നിലപാടാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. കേന്ദ്ര ഗവൺമെന്റ് ഇ.പി.എഫ്. ബോർഡിലേയ്ക്ക് തൊഴി ലുടമകളുടെയും തൊഴിലാളികളുടെയും വിഹിതത്തിന്റെ പകുതിയെങ്കിലും കേന്ദ്ര ഗവൺമെന്റിന്റെ കോൺട്രിബ്യൂഷനായി കൊടുക്കാൻ പാർല മെന്റിന്റെ ലേബർ സ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനമെടുത്തിട്ട് ഇതുവരെ നട പ്പിലാക്കിയിട്ടില്ല. അത് നടപ്പാക്കുകയെന്നുള്ളത് ഇൻഡ്യയിലെ തൊഴിലാളിക ളുടെ ആകെ ആവശ്യമാണ്. അപ്രകാരം ഇ.പി.എഫ്. പെൻഷൻ 1000 രൂപ യായി കുറഞ്ഞത് വർദ്ധിപ്പിക്കണം, അതുപോലെ 4 ശതമാനമെങ്കിലും ഗവൺമെന്റിന്റെ കോൺട്രിബ്യൂഷൻ വർദ്ധിപ്പിക്കണമെന്ന ആവശ്യവും തൊഴിലാളികൾ ഉന്നയിക്കുന്ന ഏറ്റവും പ്രധാനപ്പെട്ടതാണ്. അതുപോലെ അംഗൻവാടി ജീവനക്കാർ നമ്മുടെ സ്കീം വർക്കേഴ്സാണ്. അംഗൻവാടി

ജീവനക്കാർ നമ്മുടെ രാജ്യത്ത് ഏതാണ്ട് 14 ലക്ഷതത്തോളമുണ്ട്. അതുപോലെ ആശാ വർക്കർമാരും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പണിയെടുക്കുന്ന പാചക തൊഴിലാളികളുമുണ്ട്. ഇതുപോലുള്ള തൊഴിലാളികൾക്ക് ബോണസ്, പെൻഷൻ എന്നിവ കൊടുക്കണം. അങ്ങനെ ദശലക്ഷക്കണക്കിന് തൊഴിലാളികളെ ബാധിക്കുന്ന വിഷയങ്ങളെല്ലാം കണക്കിലെടുത്തുകൊണ്ട് നമ്മുടെ രാജ്യത്തെ തൊഴിലാളികൾ വലിയ സമരത്തിലൂടെ മുന്നോട്ട് പോവുകയാണ്. നമ്മുടെ കേരളം മാതൃകയാകേണ്ടതാണ്. കേരളം ഈ കാര്യങ്ങളിലെല്ലാം മാതൃകയായിട്ടാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഭരിച്ചപ്പോൾ പ്രവർത്തിച്ചിട്ടുള്ളത്. കഴിഞ്ഞ നിയമസഭാ സമ്മേളനകാലത്ത് അംഗൻവാടി ജീവനക്കാരുടെ പ്രശ്നങ്ങൾ സബ്മിഷനായി അവതരിപ്പിച്ചപ്പോൾ അതിന് മറുപടിയായി ഗവൺമെന്റ് 450 രൂപ വീതം വർദ്ധിപ്പിക്കാൻ തീരുമാനിച്ചെന്നും 4 മാസത്തെ കുടിശ്ശികയുണ്ടെന്നും സൂചിപ്പിക്കുകയുണ്ടായി. ആ കുടിശ്ശികത്തുക അവർക്ക് നല്കണം. . മാത്രമല്ല, അവരുടെ ശമ്പളം 250 രൂപ വർദ്ധിപ്പിക്കാമെന്ന് പറഞ്ഞിട്ടും ഇതുവരേയും വർദ്ധിപ്പിച്ചിട്ടില്ല. അപ്രകാരമുള്ള വർദ്ധനവ് ഉടൻ നടപ്പിലാക്കണം. അതുപോലെ താൽക്കാലിക ജീവനക്കാർ ഏതാണ്ട് 10,000-ൽ അധികമുണ്ട്. അതിൽനിന്നു മാത്രമേ സ്ഥിരം തൊഴിലാളികളെ നിയമിക്കുവാൻ പാടുള്ളുവെന്ന ഉത്തരവ് ഇടതുക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് നൽകിയതാണ്. പക്ഷേ ആ ഉത്തരവ് യു.ഡി.എഫ്. ഗവൺമെന്റ് ലംഘിച്ചിരിക്കുകയാണ്. ആ ഉത്തരവ് ക്യാൻസൽ ചെയ്തിരിക്കുകയാണ്. അതുകൊണ്ട് ആ ഉത്തരവ് പുന:സ്ഥാപിക്കണം. നമ്മുടെ രാജ്യത്തെ വിലക്കയറ്റം അതീവ രൂക്ഷമാണ്. രൂക്ഷമായ വിലക്കയറ്റം ഈ നാട്ടിലെ സാധാരണക്കാരുടെയും പാവപ്പെട്ടവരുടെയും തൊഴിലാളികളുടെയും ജീവിതം താറുമാറാക്കുകയാ

ണ്. സമ്പന്നരും പാവപ്പെട്ടവരും തമ്മിലുള്ള അന്തരം വർദ്ധിക്കുകയാണ്. നവ ഉദാരവൽക്കരണ സാമ്പത്തിക നയത്തിന്റെ കാലഘട്ടമാണ്. കഴിഞ്ഞ പഞ്ചവത്സര പദ്ധതയിൽ തൊഴിലാളികളുടെ കൂലി 9.2 ശതമാനം കുറഞ്ഞിരിക്കുകയാണ്, അതായത് അവരുടെ യഥാർത്ഥ വരുമാനം കുറഞ്ഞിരിക്കുകയാണെന്നർത്ഥം. 2011 വരെയുള്ള 5 വർഷക്കാലത്തെ പദ്ധതി കാലയളവെടുത്താൽ തൊഴിലാളികളുടെ കൂലി യഥാർത്ഥ മൂല്യത്തിന്റെ 9.2 ശതമാനം കുറഞ്ഞിട്ടുണ്ട്. . മുതലാളിമാരുടെ ലാഭത്തിന്റെ വിഹിതം 53.8 ശതമാനം വർദ്ധിച്ചു. ഡോളർ ബില്ല്യനേഴ്സിന്റെ എണ്ണവും ആസ്ഥിയും വർദ്ധിച്ചിരിക്കുന്നു. അതുപോലെതന്നെയാണ് എഫ്.ഡി.ഐ-യും. നാല് കോടി തൊഴിലാളികളുടേയും സ്വയം തൊഴിൽകണ്ടെത്തുന്നവരുടേയും ജീവിതം നഷ്ടപ്പെടുത്തുന്ന ഒരു തീരുമാനം കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചിരിക്കുകയാണ്. പ്രധാനമന്ത്രി അത് നടപ്പിലാക്കുമെന്ന് അസന്നിഗ്ദ്ധമായി വ്യക്തമാക്കിയിരിക്കുകയാണ്. കഴിഞ്ഞ മാസത്തിൽ ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയും കേന്ദ്ര തൊഴിൽ വകുപ്പുമന്ത്രിയുമൊക്കെ പങ്കെടുത്ത ഐ.എൽ.ഒ (ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷൻ) - യുടെ ജനീവാ സമ്മേളനമുണ്ടായിരുന്നു. ആ ലേബർ ഓർഗനൈസേഷനിൽ പങ്കെടുത്ത മന്ത്രി എന്നുള്ള നിലയിൽ ഞാൻ പറയുകയാണ്, ഇവിടത്തെ ഡൊമസ്റ്റിക് വർക്കേഴ്സിന്റെ ക്ഷേമപദ്ധതി നിങ്ങൾ നടപ്പിലാക്കുമോ? 50 രൂപ അടച്ചാൽ ഒരു വീട്ടുടമയ്ക്കോ ഏജന്റിനോ തൊഴിലാളിയെ നിയോഗിക്കുന്ന സ്ഥാപനത്തിനോ ഒരു ബാധ്യതയുമില്ലാത്ത വിധം ഡൊമസ്റ്റിക് വർക്കർക്ക് മറ്റ് ക്ഷേമനിധിയിലെന്ന പോലെ എല്ലാ ആനുകൂല്യവും ലഭിക്കുന്ന ക്ഷേമപദ്ധതി നമ്മൾ കൊണ്ടുവന്നിട്ടുണ്ട്. എന്നാൽ അത് ഇതുവരേയും നടപ്പിലാക്കിയിട്ടില്ല. അത് നടപ്പിലാക്കണം. ഉലരലിേ ീൃസ ളീൃ റീലലശേര ീൃസലൃ എന്നു പറയുന്ന ഒരു

നയം ഐ.എൽ.ഒ. പാസ്സാക്കിയിട്ടുണ്ട്. ഐ.എൽ.ഒ.-യിൽ പങ്കെടുത്ത ഒരു മന്ത്രി എന്ന നിലയിൽ അത് നടപ്പാക്കാൻ നിങ്ങൾക്ക് ബാധ്യതയുണ്ട്. ആ ബാധ്യത നിറവേറ്റണമെന്നാണ് എനിക്ക് പറയാനുള്ളത്. കേന്ദ്ര നയങ്ങൾക്ക് വിധേയമായി പ്രവർത്തിക്കുന്ന ഒരു ഗവൺമെന്റാണ് കേരളത്തിലെ ഗവൺമെന്റ്. ആ ഗവൺമെന്റ് നയം കേരളത്തിലെ തൊഴിലാളികളുടേയും സാധാരണക്കാരുടേയും ജീവിതം താറുമാറാക്കുകയാണ്. എല്ലാ ആനുകൂല്യങ്ങളും നൽകാൻ വ്യവസ്ഥ ചെയ്യുന്ന 10 സ്കീമുകൾ കഴിഞ്ഞ ഗവൺമെന്റ് കൊണ്ടുവന്നിട്ടുണ്ട്. ആ 10 സ്കീമുകളും ഇന്ന് പരിണത്ത് വച്ച് കെട്ടിയിരിക്കുകയാണ്. കേന്ദ്ര ഭരണാധികാരികൾ എല്ലാ മേഖലയേയും സ്വകാര്യവത്കരിക്കുകയാണ്. ആ സ്വകാര്യവത്ക്കരണത്തിന്റെ ശബ്ദം മാതൃകയാകേണ്ട കേരളത്തിലും വരികയാണ്. എല്ലാമെല്ലാം ആഭ്യന്തര വിദേശ കുത്തകകൾ നിയന്ത്രിക്കുന്ന ഒരു സാഹചര്യമാണ് ഇന്നുള്ളത്. തൊഴിലാളികൾക്ക് ദുരിതം, പാവപ്പെട്ടവർക്ക് ദുരിതം, രാഷ്ട്രത്തിന് ദുരന്തം ഇതാണ് സ്ഥിതി. രാജ്യത്ത് ആകെയുള്ള വർക്കിംഗ് ക്ലാസ്..... ഐ.എൻ.ടി.യു.സി. മുതൽ സി.ഐ.ടി.യു ഉൾപ്പെടെയുള്ള മറ്റെല്ലാ സംഘടനകളും ഇന്ന് രാജ്യത്ത് 24 മണിക്കൂറല്ല 48 മണിക്കൂറോ 72 മണിക്കൂറോ പണിമുടക്കുക എന്നുള്ള നിലയിൽ തീരുമാനമെടുക്കുകയാണ്. അപ്രകാരം ട്രിപ്പിൾ ഡെയ്സ് പണിമുടക്ക് എന്നുള്ള രൂപത്തിലേയക്ക് രാജ്യത്തെ നയിക്കുന്ന കേന്ദ്ര ഭരണാധികാരിയുടെ നയങ്ങൾക്കെതിരെ ശക്തമായ അണിചേരൽ നടത്തുവാൻ ഈ നാട്ടിലെ എല്ലാ തൊഴിലാളികളോടും ഈ നിയമസഭയിലെ എല്ലാ അംഗങ്ങളോടും ഞാൻ അഭ്യർത്ഥിക്കുകയാണ്. മറ്റൊരു കാര്യം പറയാനുള്ളത്, നമ്മുടെ കേരളത്തെ സംബന്ധിച്ചാണ്; കേരളത്തിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, സ്കിൽഡ് ലേബറേഴ്സിനെ ഉണ്ടാക്കുക

എന്നത് ഏറ്റവും പ്രധാനമാണ്. ഏറ്റവും പ്രധാനപ്പെട്ട കാര്യത്തിൽ കഴിഞ്ഞ ഗവൺമെന്റ് അതിന് തൊട്ടുമുമ്പുള്ള യു.ഡി.എഫ് ഗവൺമെന്റിന്റെ എല്ലാ നിലപാടുകളേയും തിരുത്തികൊണ്ട് 2010-2011-ൽ 94 ശതമാനമാണ് ഐ.റ്റി. മേഖലയിൽ, വ്യവസായ പരിശീലനവകുപ്പിൽ നമ്മൾ ചെലവഴിച്ചത്. ബഹുമാനപ്പെട്ട ഷിബു ബേബി ജോണിന്റെ കാലത്ത് 24 ശതമാനം മാത്രമേ ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളൂ. അത് ദു:ഖകരമാണ്. അത് സ്റ്റേറ്റിന് അപരി ഹാര്യമായിട്ടുള്ള ഒരു നഷ്ടമാണ്. 2000-2001 -ൽ 40 ശതമാനമായിരുന്നത് പിന്നീട് 94 ശതമാനമായി വർദ്ധിപ്പിക്കാൻ കഴിഞ്ഞുവെങ്കിൽ ഇപ്പോൾ 24 ശതമാനമായി കുറഞ്ഞിരിക്കുകയാണ്. അതൊരു വലിയ നഷ്ടമാണ്. നമ്മുടെ കേരളത്തിന്റെ ഭാവി അപകടത്തിലാകുന്ന ഒന്നാണിത്. കഴിഞ്ഞ പ്രാവശ്യം കേരളത്തിൽ ഹരിപ്പാട് മാത്രമാണ് ഐ.ടി.ഐ. കൊടുത്തിട്ടുളള ത്. ഈ വർഷം ബഡ്ജറ്റിൽ ഒരു ഐ.ടി.ഐ.-യും പുതുതായി ആരംഭിക്കു ന്നതിനെക്കുറിച്ച് സൂചിപ്പിച്ചിട്ടില്ല. ഇപ്പോൾ 72 ഐ.ടി.ഐ.-കളുണ്ട് നിങ്ങൾ ഇപ്പോൾ പഞ്ചവത്സര പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. പഞ്ചവത്സര പദ്ധതി പ്രഖ്യാപിച്ചതിന്റെ അപ്രോച്ച് പേപ്പറിൽ സ്കിൽ ഡവലപ്പ്മെന്റിനെക്കുറിച്ച് ഒരക്ഷരം പറഞ്ഞിട്ടില്ല. ഇത് ആര് തയ്യാറാക്കിയെന്ന് പരിശോധിക്കണം. സ്കിൽ ഡവലപ്പ്മെന്റിനുവേണ്ടി കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻസ് (കെ.എസ്.ഐ.ഡി) മാത്രമാണുള്ളത്. ചാത്തന്നൂരിലെ കൺസ്ട്രക്ഷൻ അക്കാഡമി കാടുകയറി കിടക്കുകയാണ്. അവർ പണം ത രാമെന്ന് പറഞ്ഞതല്ലേ, .അവിടെ കെട്ടിടം നിർമ്മിക്കണ്ടേ? നമ്മുടെ ബഹുമാന പ്പെട്ട മന്ത്രിയുടെ നാട്ടിൽത്തന്നെ എല്ലാം പോകണമെന്നാണ് അദ്ദേഹത്തിന്റെ ആഗ്രഹം. അദ്ദേഹത്തിന്റെ നാട്ടിൽകൊണ്ടുപോയ കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസിന്റെ ഭാവി എന്തായിയെന്ന് അറിഞ്ഞാൽ കൊളളാം.

അതുപോലെ കഴിഞ്ഞ വർഷം വെൽഡിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ പഠിച്ച എസ്.സി. വിഭാഗത്തിൽപ്പെട്ട 41 കുട്ടികൾക്ക് അനുവദിച്ച 16 ലക്ഷം രൂപ പട്ടികജാതി-പിന്നോക്ക വകുപ്പുമന്ത്രിയുടെ മന്ത്രാലയത്തിൽ തടഞ്ഞുവച്ചിരിക്കുകയാണ്. അതുകൊണ്ട് ഐ.ടി.ഐ.-യുടെ നവീകരണം, അപ്ഗ്രഡേഷൻ ഇത്യാദി കാര്യങ്ങൾ വളരെ പ്രധാനമാണ്. സ്കിൽ ഡെവലപ്പ്മെന്റ് കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതിയാണ്. അതിന് 50 കോടി രൂപയുണ്ട്. സാധാരണ തൊഴിലാളികളുടെ മികവ് നേടിയെടുക്കാനുള്ള സ്കിൽ ഡെവലപ്പ്മെന്റ് പദ്ധതി കേരളത്തിൽ നടപ്പിലാക്കുന്നില്ല എന്നുള്ളത് അതീവ ഗൗരവതരമായ ഒരു വീഴ്ചയാണ്. എനിക്ക് പറയാനുള്ള മറ്റൊരു കാര്യം, കഴിഞ്ഞ ഗവൺമെന്റ് 16 നിയമങ്ങൾ പാസ്സാക്കിയിട്ടുണ്ട്. ഇപ്പോൾ 12 നിയമങ്ങൾ ഈ ഗവൺമെന്റിന്റെ മുൻപിലുണ്ട്. നിങ്ങൾ അത് ഇതുവരെ പാസ്സാക്കാൻ തുടങ്ങിയിട്ടില്ല. അതിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു നിയമമാണ് സെയിൽസ് പ്രൊമോഷൻ എംപ്ലോയീസിനെ ഐ.ഡി. ആക്ടിൽ തൊഴിലാളി എന്ന നിർവ്വചനത്തിൽ ഉൾപ്പെടുത്തുകയെന്നുള്ളത്. അതിൽ 2 ലക്ഷം തൊഴിലാളികളുണ്ട് അതുപോലെ മത്സ്യത്തൊഴിലാളികളുടെ ഒരു ശതമാനവും കയറ്റുമതിക്കാരുടെ സെസ്സും അതിന്റെ കേസും എല്ലാം ഗവൺമെന്റ് വേണ്ട വണ്ണം കൈകാര്യം ചെയ്തിട്ടില്ല. അത് അതിന്റെ ഗൗരവത്തിൽ കൈകാര്യം ചെയ്യണം. ഈ നിലയ്ക്ക് മത്സ്യത്തൊഴിലാളി ക്ഷേമപദ്ധതി ഫലപ്രദമായി നടപ്പിലാക്കാൻത്തക്ക വിധത്തിലുള്ള നടപടികൾ സ്വീകരിക്കണം. 48 എണ്ണത്തിന് മിനിമം വേജസ് പൂർണ്ണയളവിൽ പ്രഖ്യാപിക്കുകയും. 28 എണ്ണത്തിന് പ്രിലിമിനറി നോട്ടിഫിക്കേഷൻ കൊടുക്കുകയും ഒരെണ്ണം അവശേഷിക്കുകയും ചെയ്തിട്ടുണ്ട്.. അതാണ് കയർ മേഖല. ഒരു കൊല്ലമായി അത് കെട്ടിവച്ചിരിക്കുകയാണ്. കയർത്തൊഴിലാളികളുടെ മിനിമം വേജസ്സിന്റെ

കാര്യത്തിൽ ഞങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ല. റിപ്പോർട്ട് വാങ്ങി കൊടുത്തതേയുള്ളൂ. പക്ഷെ ഇതുവരെ അത് പബ്ലിഷ് ചെയ്തിട്ടില്ല. ബലറാം കമ്മിറ്റിയെക്കുറിച്ച് പ്രസംഗിച്ചാൽ മാത്രം പോരാ ബലറാം കമ്മിറ്റി ശുപാർശ ചെയ്ത കൂലി നിരക്ക് മിനിമം വേജസ് നോട്ടിഫിക്കേഷനായി കൊണ്ടുവരണം. അതിന്റെ പ്രിലിമിനറി നോട്ടിഫിക്കേഷൻ വേണം. ഒബ്ജക്ഷൻസ് കേൾക്കണം. അതിന്റെ അടിസ്ഥാനത്തിൽ കൂലി നിരക്കിന് നിയമ സാധുതയുണ്ടാകണം. ബലരാമൻ കമ്മിറ്റി റിപ്പോർട്ട് കൊണ്ടുവന്നിട്ട് മാസം രണ്ട് കഴിഞ്ഞിട്ടും ഇതുവരെ ഒന്നും ചെയ്തിട്ടില്ല. അതുകൊണ്ട് ആ റിപ്പോർട്ട് നടപ്പിലാക്കണം. പ്ലാന്റേഷൻ മേഖലയിൽ 16(ഇ) നടപ്പിലാക്കുന്നതിനെ സംബന്ധിച്ച് അങ്ങയുടെ ഒരു മറുപടി ഞാൻ വായിച്ചു. 16(ഇ) പിൻവലിക്കുന്ന കാര്യം. ശ്രീ. അൻവർ സാദത്തിന്റെ ഒരു ചോദ്യത്തിന് മറുപടിയായി പറഞ്ഞിട്ടുണ്ട്. ടി.ആർ.എൻ.ടി. എന്നു പറയുന്ന സ്വാമി എന്ന ഒരു മുതലാളിയുടെ തോട്ടം ഏറ്റെടുക്കാൻ സ്റ്റേറ്റ് ഗവൺമെന്റ് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കേന്ദ്രഗവൺമെന്റ് തീരുമാനിച്ചതാണ്. അത് പിൻവലിക്കാൻ പറയുക എന്നു പറഞ്ഞാൽ അത് അങ്ങേയറ്റത്തെ അബദ്ധമാണ്. അതുകൊണ്ട് അത് പിൻവലിക്കാൻ പാടില്ല എന്നു മാത്രമല്ല 16(ഇ) പ്രകാരം കേന്ദ്രഗവൺമെന്റ് നടപടികൾ സ്വീകരിച്ചില്ലെങ്കിൽ ഇന്നത്തെ കാർഷിക പരിഷ്ക്കാര നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തണം. നമ്മുടെ 22 തോട്ടങ്ങൾ അടഞ്ഞുകിടന്നതിൽ 20 തോട്ടങ്ങളും തുറന്നതാണ്. ഇനി രണ്ട് തോട്ടങ്ങൾ അവശേഷിക്കുന്നുണ്ട്. ആ രണ്ട് തോട്ടങ്ങൾ കഴിഞ്ഞ 12 വർഷക്കാലമായി അടച്ചിരിക്കുന്ന ആ മുതലാളിയെ പാഠം പഠിപ്പിക്കാൻത്തക്ക വിധത്തിൽ കാർഷിക പരിഷ്ക്കാര നിയമത്തിൽ ആവശ്യമായിട്ടുള്ള ഭേദഗതി വരുത്താൻ നിങ്ങൾ റവന്യൂ ഡിപ്പാർട്ടുമെന്റിനോട് ആവശ്യപ്പെടണം.

കഴിഞ്ഞ ഗവൺമെന്റ് ഒരു പ്രൊപ്പോസൽ കൊടുത്തിട്ടുള്ളത് പാസ്സാക്കണം. നിയമഭേദഗതി കൊണ്ടുവരണം. അതുപോലെ ക്ഷേമപദ്ധതികളെക്കുറിച്ച് ഇവിടെ പറഞ്ഞ കാര്യങ്ങളോടെല്ലാം ഞാൻ യോജിക്കുകയാണ്. എല്ലാമേഖ ലയിലും പെൻഷൻ കുടിശ്ശികകൾ ധാരാളമാണ്. പെൻഷൻ കുടിശ്ശിക യെല്ലാം കൊടുത്തുതീർക്കണം. മാത്രവുമല്ല വിലക്കയറ്റം അതീവ രൂക്ഷമാ യിരിക്കുന്ന സാഹചര്യത്തിൽ പെൻഷൻ ആയിരം രൂപയായി ഉയർത്തണം. പ്ലാന്റേഷൻ മേഖലയിലെ ഭവന നിർമ്മാണ പദ്ധതിക്ക് ബഡ്ജറ്റിൽ പറഞ്ഞിരി ക്കുന്നത് വെറും 50 ലക്ഷം രൂപയാണ്. 100 കോടി രൂപകൂടി ഉൾപ്പെടുത്ത ണം. പ്ലാന്റേഷൻ മേഖലയിലെ ഭവന നിർമ്മാണ പദ്ധതി ഉറപ്പുവരുത്തണം. ഇതിനുപുറമേ എനിക്ക് വളരെ പ്രധാനപ്പെട്ട ഒരു കാര്യം പറയാനുള്ളത്, നമ്മുടെ ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി പിരിച്ചുവിടുന്ന മന്ത്രിയാക രുത് എന്നാണ്. തൊഴിൽ വകുപ്പുമന്ത്രിമാർ ഒരിക്കലും പിരിച്ചുവിടുന്ന നട പടി സ്വീകരിക്കരുത്. ഞാൻ 5 വർഷം മന്ത്രിയായിരുന്ന ഒരാളാണ്. ഞാൻ ഒരു തൊഴിലാളിയേയും പിരിച്ച് വിട്ടിട്ടില്ല. പിരിച്ചുവിട്ടില്ല എന്നു മാത്രമല്ല ഇന്നത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അന്നത്തെ പ്രതിപക്ഷ നേതാവായിരു ന്നപ്പോൾ അദ്ദേഹം ആവശ്യപ്പെട്ടതനുസരിച്ച് ഞങ്ങൾ ആലോചിച്ച് 2001 മുതൽ 2003 വരെ കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ നിയമിച്ച 676 തൊഴിലാളികളെ പിരിച്ചുവിടാൻ 2006 ഒക്ടോബർ മാസത്തിൽ കേരള ഹൈക്കോടതി തീരുമാനിച്ചിട്ടും ആ തീരുമാനം ഞങ്ങൾ നടപ്പിലാക്കിയില്ല. ആ തീരുമാനം നടപ്പിലാക്കാതെ ആ തൊഴിലാളികളെ ഏതെങ്കിലും വിധത്തിൽ സംരക്ഷിക്കാനുള്ള നിയമങ്ങളിലെ പഴുതുകൾ കണ്ടെത്തി, 18-02-2011-ൽ മന്ത്രിസഭ അവരെ സ്ഥിരപ്പെടുത്താൻ തീരുമാനിച്ചിട്ടാണ് ഞങ്ങൾ പിരിഞ്ഞത്. അവരെ നിയമിച്ചതെല്ലാം പല സന്ദർഭങ്ങളിലായിട്ടാണ്.

ഷോപ്സ് ആന്റ് കൊമേഴ്സിയൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സിന്റെ സ്ഥാപനത്തിന്റെ വികസനത്തിനുവേണ്ടിയാണ്. പലപ്പോഴായി ആരംഭിച്ച നിരവധി ആഫീസുകളിൽ രണ്ടും മൂന്നും പേരെ നിയമിച്ചുവെങ്കിലും അതിനാവശ്യമായിട്ടുള്ള പോസ്റ്റ് ക്രിയേഷൻ നടത്തി.യതിന്റെ അടിസ്ഥാനത്തിൽ നിയമിച്ചവരെയാണ് നിങ്ങൾ പിരിച്ചുവിടാൻ തീരുമാനിച്ചത്. ഒരു കൊല്ലമായി ആ കേസ് കോടതിയിൽ കിടക്കുകയാണ്. പാവപ്പെട്ട തൊഴിലാളികൾ ലക്ഷക്കണക്കിന് രൂപ ചെലവാക്കി കേസ് പറയുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നയുടനെ തന്നെ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡിലെ 180 ജീവനക്കാരെ പിരിച്ചുവിട്ടു. തൊഴിൽ വകുപ്പുമന്ത്രിമാർ ഒരിക്കലും പിരിച്ചുവിടുന്ന മന്ത്രിമാർ ആകരുത്. ഈ നിലയിൽ പിരിച്ചുവിടൽ നടപടി അവസാനിപ്പിക്കണം. ഇപ്പോൾ ഇവിടെ മുഖ്യമന്ത്രി ഉണ്ടായിരുന്നെങ്കിൽ ഞാൻ അക്കാര്യങ്ങളെല്ലാം വളരെ വിശദമായി പറയുമായിരുന്നു. അദ്ദേഹത്തിന്റെ കത്തടക്കം അതിന്റെ രേഖകളൊക്കെ എന്റെ കൈവശമുണ്ട്. ഞങ്ങളുടെ സമീപനം അതല്ല. അതുകൊണ്ട് ഇടതുപക്ഷ ജനാധിപത്യമുന്നണി ഒരു ബദൽ ഗവൺമെന്റാണ്. ആ ബദൽ ഗവൺമെന്റ് സ്വീകരിച്ച നയങ്ങൾ തൊഴിൽമേഖലയിൽ മാത്രമല്ല സഹകരണ മേഖലയിലും മറ്റെല്ലാ മേഖലകളിലും കേരളത്തെ സംരക്ഷിക്കാൻ സഹായമായി. പക്ഷെ ഈ ഗവൺമെന്റ് കേന്ദ്രത്തിലെ യു.പി.എ. ഗവൺമെന്റിന്റെ തനിപ്പകർപ്പാണ്. തൊഴിലാളിയെ പിരിച്ചുവിടുന്ന, തൊഴിൽശക്തി വെട്ടിക്കുറയ്ക്കുന്ന, തൊഴിൽ നിയമങ്ങൾ തകർക്കുന്ന ഈ നയം തിരുത്താൻ വേണ്ടിയുള്ള പ്രക്ഷോഭം ഞങ്ങൾ ആരംഭിക്കും. ഈ ധനാഭ്യർത്ഥനകളെ ഞാൻ നിശിതമായി എതിർക്കുകയാണ്. ഇനി വരാൻ

**പോകുന്ന ദിവസങ്ങൾ അഖിലേൻഡ്യാ അടിസ്ഥാനത്തിലുള്ള സമരങ്ങളുടെ ദിനങ്ങളാണ് എന്നുള്ളതുകൂടി നിങ്ങളുടെ മുമ്പിൽ സൂചിപ്പിക്കുകയാണ്.**

* * * * * * * * * * * * * * *